
# വ്യാപാരകേരളം

സമ്പൂർണ്ണ മാസിക

പുസ്തകം 2 ലക്കം 6 പേജുകൾ 44 സെപ്റ്റംബർ 2021




## സിആർപി പണിക്കർ കവിതാ പുരസ്കാര ജേതാക്കൾ


ധന്യ വേങ്ങച്ചേരി കാസർകോട്


മുനീർ അഗ്രഗാമി മലപ്പുറം


റീന വി. കണ്ണൂർ


ബഷീർ മുളവയൽ കോഴിക്കോട്


അനുശ്രീ ചന്ദ്രൻ തിരുവനന്തപുരം

### പ്രത്യേക പുരസ്കാരത്തിന് അർഹരായവർ


ഷേർലി തോമസ് ഇടുക്കി


ശ്യാം തറമേൽ കൊല്ലം


പൗർണമി വിനോദ് തൃശൂർ


ജിപ്സ വിജീഷ് കോഴിക്കോട്


രജനി സുരേന്ദ്രൻ മലപ്പുറം

മുഖചിത്രം: സിന്റ സേവി




# സിആർപി പണിക്കർ സ്മാരക കവിതാ പുരസ്കാരം 2021



വ്യാപാരകേരളം ഏർപ്പെടുത്തിയ, സിആർ പി പണിക്കർ സ്മാരക കവിതാ പുരസ്കാരത്തിന് അഞ്ചുപേരും പ്രത്യേക പുരസ്കാരത്തിന് അഞ്ചുപേരും അർഹരായി. പുരസ്കാരനിർണയത്തിന് ലഭിച്ച 288 രചനകളിൽനിന്നും ഫൈനൽ റൗണ്ടിലെത്തിയ 82 കവിതകളാണ് വിധികർത്താക്കൾക്കു നൽകിയത്. അഞ്ച് പുരസ്കാരജേതാക്കളെ കണ്ടെത്തുകയായിരുന്നു ലക്ഷ്യം. യോഗ്യതയുള്ള കവിതകൾ അഞ്ചിൽ ഒതുങ്ങില്ലെന്നും പത്തു പേർക്കെങ്കിലും പുരസ്കാരം നൽകണമെന്നുമുള്ള ജൂറി അംഗങ്ങളുടെ നിർദേശം സ്വീകരിച്ച്, ഈ വർഷം പത്തു പേർക്കാണ് പുരസ്കാരം പ്രഖ്യാപിച്ചത്. പുരസ്കാരജേതാക്കൾ: ധന്യ വേങ്ങച്ചേരി കാസർകോട്, മുനീർ അഗ്രഗാമി മലപ്പുറം, റീന. വി. കണ്ണൂർ, ബഷീർ മുളവയൽ കോഴിക്കോട്, അനുശ്രീ ചന്ദ്രൻ തിരുവനന്തപുരം.

പ്രത്യേക പുരസ്കാരം നേടിയവർ: ഷേർലി തോമസ് ഇടുക്കി, ശ്യാം തറമേൽ കൊല്ലം, പൗർണമി വിനോദ് തൃശൂർ, ജിപ്സ വിജീഷ് കോഴിക്കോട്, രജനി സുരേന്ദ്രൻ മലപ്പുറം.

രാവുണ്ണി, വർഗീസാന്റണി, രാധിക സനോജ് എന്നിവരടങ്ങിയ സമിതിയാണ് വിധിനിർണയം നടത്തിയത്.

ജൂറിയുടെ വിലയിരുത്തൽ ഇങ്ങനെ:

കാലത്തെ തൊട്ടുകാണിക്കുന്ന സൂക്ഷ്മ രചനകളാണ് ഇത്തവണ വായിക്കാൻ കഴിഞ്ഞത്. ആവിഷ്കാരത്തിൽ പുതിയ തലമുറ ആർജിക്കുന്ന കയ്യടക്കം അത്ഭുതകരമാണ്. പെൺജീവിതം, പ്രകൃതി, പലായനം, കർഷകജീവിതം, മാതൃത്വം, മരണം എന്നിങ്ങനെ ഒട്ടേറെ പ്രമേയങ്ങൾ പുതിയ തലമുറ കൈകാര്യം ചെയ്യുന്നുണ്ട്. പരമ്പരാഗതമായ ആഖ്യാനശൈലിയിൽനിന്നും യുവാക്കൾ കുതറിമാറുന്നു. പുതിയ കാവ്യഭാഷ രൂപം കൊള്ളുന്നു. ജീവിതം, അതിന്റെ എല്ലാ സങ്കീർണതയിലും വൈവിധ്യങ്ങളിലും ആവിഷ്കൃതമാകുന്നു. ആരും സംശയിക്കേണ്ടതില്ല–മലയാള കവിത മുന്നോട്ടു തന്നെയാണ്.

പലമയെ കാണിച്ചുകൊണ്ട്<br>
പുതുഭാഷ സൃഷ്ടിച്ചുകൊണ്ട്<br>
അതിരുകളും അരുതുകളുമില്ലാതെ.

രണ്ടാമത് കവിതാ പുരസ്കാരം കവിയും അധ്യാപകനുമായിരുന്ന സിആർപി പണിക്കര് മാഷിന്റെ നാമധേയത്തിലാണ് പ്രഖ്യാപിച്ചത്. ഏറെ എഴുതിയിട്ടും വേണ്ടത്ര ശ്രദ്ധിക്കപ്പെടാതെ പോയ പണിക്കര് മാഷിന്റെ സ്മരണ നിലനിറുത്തുന്നതിന്, വരും വർഷങ്ങളിലും മികച്ച കവികളെ കണ്ടെത്തുന്നതിനുള്ള ഈ ശ്രമം തുടരും.

**–സി.ആർ.രാജൻ,**
എഡിറ്റർ


ഓഫീസ്:

**വ്യാപാരകേരളം**

(സമ്പൂർണ മാസിക)

പി.ബി.റോഡ്,
എൽത്തുരുത്ത് പി.ഒ,
തൃശൂർ–680611, കേരളം.

website:
www.vyaparakeralam.com

email:
vyaparakeralam@gmail.com

Phone: 0487 2365309
Mob: 094471 89032

എഡിറ്റർ:
സി. ആർ. രാജൻ

ടെക്നിക്കൽ ഡയറക്ടേഴ്സ്:
ജെഫി മാത്യു ജോസ്
മിലു മേരി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ:
റയൻ ജോസഫ്

## മത്സ്യകന്യക



കടലെടുത്തതിന്റെ ബാക്കിപത്രത്തിൽ മണലുകൊണ്ടൊരു കൊട്ടാരം അവൻ അവൾക്കായി പണിതു.

ഒരു രാത്രിയിൽ അവനുറങ്ങുന്ന നേരത്ത്, നിലാവുറങ്ങുന്ന നേരത്ത്, കടലുറങ്ങുന്ന നേരത്ത്, സ്വപ്ന നൂലേണിയിൽ കയറി അവളാ കൊട്ടാരത്തിലെ മട്ടുപ്പാവിലെത്തി. എന്നിട്ട് അവിടെനിന്ന് അനന്തമായ ആകാശംപോലെ പരന്ന കടലാഴങ്ങളിലേക്ക് അവൾ കണ്ണെടുക്കാതെ നോക്കി നിന്നു.

പിറ്റേന്ന് പ്രഭാതത്തിൽ കടൽപ്പരപ്പിൽ പൊന്തിവന്ന രണ്ടീറൻ മിഴിനോട്ടങ്ങളെ അവൻ പക്ഷെ കണ്ടതേയില്ല.

– എ. കെ. അനിൽകുമാർ



## മോഷണം

എഴുതി പൂർത്തിയാക്കിയ കഥ ഒന്നുണ്ടായിരുന്നു മനസ്സിൽ. കവിതപോലൊരു കഥ.

മുൻപ് ഞാൻ എഴുതിയ കവിതകളൊക്കെയും നീ നിന്റെ മിഴിച്ചെപ്പിലൊളിപ്പിച്ചപ്പോൾ ആ കഥ ഞാനെന്റെ മനസ്സിന്റെ കുങ്കുമച്ചിമിഴിൽ പ്രണയത്തിന്റെ താഴിട്ടു പൂട്ടിവെച്ചു.

ഇന്നു പുലർച്ചെ ആ കഥ മോഷണം പോയി; ഒപ്പം പ്രണയത്തിന്റെ താഴും



## അകത്താളുകളിൽ


| | |
|---|---|
| **ലേഖനം/പംക്തി** | |
| ഫ്രാങ്കോ ലൂയിസ്: | പേജ് 5 |
| തേജശ്രീ: | പേജ് 13 |
| **കാർട്ടൂൺ കേരളം** | |
| രാജേശ്വരി തുളസി: | പേജ് 3 |
| **കഥ** | |
| എ.കെ.അനിൽകുമാർ | പേജ് 3 |
| ടി.ടി.രാജീവൻ | പേജ് 10 |
| എം.ജി.ബിജുകുമാർ | പേജ് 16 |
| ഉണ്ണി വാരിയത്ത് | പേജ് 20 |
| **കവിതാപുസ്തകം** | |
| ഷീജ പള്ളത്ത് | പേജ് 22 |
| കയ്യുമ്മു കോട്ടപ്പടി | പേജ് 23 |
| സെയ്തലവി വിളയൂർ | പേജ് 24 |
| ദിവ്യ എച്ച്. | പേജ് 25 |
| വിനോദ് വി. ദേവ് | പേജ് 26 |
| നജാ ഹുസൈൻ | പേജ് 27 |
| എം. കപിൽദേവ് | പേജ് 28 |
| ദീപ ദിനേശ് | പേജ് 29 |
| ബൈജു റാഫേൽ | പേജ് 30 |
| ഐഷു ഷഹ്ന | പേജ് 31 |
| ഡോ. അജയ് നാരായണൻ | പേജ് 32 |
| അനീഷ് തലോറ | പേജ് 33 |
| ദീപ്തി കൈരളി | പേജ് 34 |
| കൃഷ്ണകുമാർ മാപ്രാണം | പേജ് 36 |
| യാഹിയാ മുഹമ്മദ് | പേജ് 37 |
| സജില വികാസ് | പേജ് 38 |
| പ്രസാദ് കുറ്റിക്കോട് | പേജ് 40 |
| സിംന വാരിയത്ത് | പേജ് 41 |
| ഷാഫി വേളം | പേജ് 42 |
| ശിവഗംഗ | പേജ് 43 |
| പ്രേം കൃഷ്ണൻ | പേജ് 44 |

# കാർട്ടൂൺ കേരളം:

രാജേശ്വരി തുളസി







ഫ്രാങ്കോ ലൂയിസ്

**കോ**വിഡ് കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാക്കിയ ലോക രാജ്യങ്ങൾ കരകയറാനാകാതെ ക്ലേശിക്കുകയാണ്. വാണിജ്യ, വ്യവസായ മേഖല തകർന്നുപോയി. തൊഴിലില്ലാതെ രാജ്യം പട്ടിണിയുടെ വക്കിലാണ്. ഇന്ത്യയും ഈ തകർച്ചയിലൂടെ കടന്നു പോകുകയാണ്.

ഇങ്ങനെയിരിക്കേയാണ് കേന്ദ്ര സർക്കാർ രാജ്യത്തെ റോഡുകൾ മുതൽ സ്റ്റേഡിയങ്ങൾവരെ വിൽക്കാനിറങ്ങിയത്. രാജ്യത്തിന്റെ ഇത്തരം ആസ്തികൾ വിറ്റ് ആറു ലക്ഷം കോടി രൂപ സമാഹരിക്കുമെന്നാണ് കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ വ്യക്തമാക്കിയിരിക്കുന്നത്.

സർക്കാരിന്റെ പൂർണ ഉടമസ്ഥതയിലും നിയന്ത്രണത്തിലുമുള്ള റെയിൽവേ, റോഡ്, വിമാനത്താവളം, തുറമുഖങ്ങൾ, ഗ്യാസ് പൈപ്പ് ലൈൻ തുടങ്ങിയ അടിസ്ഥാന സൗകര്യ സംവിധാനങ്ങളുടെ ഓഹരി പങ്കാളിത്തമാണ് വിൽക്കുന്നത്. ഏതെല്ലാം റോഡുകളാണു വിൽക്കുന്നതെന്ന് വ്യക്തമാക്കുന്ന റോഡ് മാപ്പ് കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ കഴിഞ്ഞയാഴ്ചയാണു പുറത്തുവിട്ടത്. 11 മന്ത്രാലയങ്ങളുടെ കീഴിലുള്ള ആസ്തികളാണു വിൽപനയ്ക്കു വച്ചിരിക്കുന്നത്.

റോഡ് വിൽപനയിലൂടെ മാത്രം 1.6 ലക്ഷം കോടി രൂപ സമ്പാദിക്കാനാണ് പരിപാടി. 27,600 കിലോമീറ്റർ റോഡാണു വിൽക്കുന്നത്. രാവിലെ വീട്ടിൽനിന്നു പുറത്തിറങ്ങുമ്പോൾ റോഡ് പൊതുസ്വത്തല്ലാതായിട്ടുണ്ടോയെന്നു പരിശോധിക്കേണ്ട അവസ്ഥയിലാണു നാം. റോഡ് വിറ്റുപോയെങ്കിൽ ടോൾ അടച്ചുവേണം പുറത്തിറങ്ങാൻ. ഹൈവേകളാണ് ഇങ്ങനെ സ്വകാര്യ പങ്കാളത്തത്തിനായി വിട്ടുകൊടുക്കുന്നത്.

റെയിൽവേ വിൽപനയിലൂടെ ഒന്നര ലക്ഷം കോടിയും ഊർജ മേഖലയിൽനിന്ന് ലക്ഷം കോടിയും സ്വരൂപിക്കും. ഗ്യാസ് പൈപ്പ് ലൈനിൽനിന്ന് 59,000 കോടി രൂപയും ടെലികമ്മ്യൂണിക്കേഷൻസിൽനിന്ന് നാൽപതിനായിരം കോടി രൂപയും. വിമാനത്താവളങ്ങൾ, തുറമുഖങ്ങൾ, സ്പോർട്സ് സ്റ്റേഡിയങ്ങൾ, സംഭരണശാലകൾ തുടങ്ങിയവയിൽനിന്ന് ലക്ഷം കോടി രൂപ കൂടി കണ്ടെത്തും.

ഇത്തരം ആസ്തികൾ വിൽക്കുകയാണെങ്കിലും അവയുടെ പൂർണ നിയന്ത്രണം സ്വകാര്യ മേഖലയ്ക്കു വിട്ടുകൊടുക്കുന്നില്ലെന്ന സമാശ്വാസ വാക്കുകളുമുണ്ട്. സ്വകാര്യ നിക്ഷേപം കൊണ്ടുവന്ന് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കാനാണ് ഈ പദ്ധതിയെന്നും കേന്ദ്ര ധനമന്ത്രി പറയുന്നു.

ഒരു കാലത്ത് സർക്കാരിന്റെ കുത്തകയും



# വിൽക്കാനുണ്ട്, റോഡുകൾ

വലിയ വരുമാന സ്രോതസുമായിരുന്ന ലൈഫ് ഇൻഷ്വറൻസ് കോർപറേഷൻ, ഭാരത് പെട്രോളിയം കോർപറേഷൻ, എയർ ഇന്ത്യ തുടങ്ങിയ പൊതുമേഖലാ പ്രസ്ഥാനങ്ങളെ സ്വകാര്യവത്കരിക്കാൻ രണ്ടു വർഷം മുമ്പേ കേന്ദ്ര സർക്കാർ നടപടികൾ ആരംഭിച്ചതാണ്.

മുൻ ദശാബ്ദങ്ങളിലായി തങ്ങൾ കെട്ടിപ്പടുത്ത രാജ്യത്തിന്റെ സ്വത്തുവകകൾ മോദി സർക്കാർ വിറ്റു തുലച്ച് ധൂർത്തടിക്കുകയാണെന്നാണ് കോൺഗ്രസ് വിമർശിക്കുന്നത്.

## ആവിയാകുന്ന ഐക്യം

വർഷങ്ങളായി ഇന്ത്യയിൽ പ്രതീക്ഷിക്കാനാകാത്ത ഒരു വിഷയമാണ് പ്രതിപക്ഷ ഐക്യം. ഭിന്നിച്ചു നിൽക്കുന്ന പ്രതിപക്ഷമാണ് ഭരണപക്ഷത്തിന്റെ കരുത്ത്. പ്രതിപക്ഷ പാർട്ടികൾ അധികാരത്തിനായി നടത്തുന്ന തമ്മിലടികൾക്കിടെ ചുളുവിൽ വിജയം ആഘോഷിക്കുകയാണു ബിജെപി നയിക്കുന്ന എൻഡിഎ. ഭൂരിപക്ഷം നേടി ഭരണം പിടിച്ചാൽപോലും നിലനിർത്താനാവുന്നില്ല. അധികാരക്കൊതിയന്മാരായ എംഎൽഎമാർ പാർട്ടിയെ ഒറ്റുകൊടുക്കുന്ന കാലമാണ്.

പ്രതിപക്ഷത്തായാലും ഭരണപക്ഷത്തായാലും പാർട്ടികളുടെ ലക്ഷ്യം അധികാരവും പണവും മാത്രമായി. ജനസേവനം, ജനക്ഷേമം എന്നിവയെയെല്ലാം രാഷ്ട്രീയ നേതാക്കൾ ദശാബ്ദങ്ങൾക്കു മുമ്പേ നാടു കടത്തി. കൂടുതൽ അധികാരവും പണവുമാണ് ഓരോ പാർട്ടിയുടേയും പ്രത്യയശാസ്ത്രം. ആ ലക്ഷ്യം നേടാൻ പതിനെട്ടടവും അവർ പയറ്റും. വർഗീയത ചീട്ടാക്കും, ദേശസ്നേഹവും ദേശീയതയും വിളമ്പും, പട്ടാളത്തെ കളത്തിലിറക്കും, വികസനവും ക്ഷേമവും പ്രസംഗിക്കും. അങ്ങനെയങ്ങനെ. കർഷക ദ്രോഹ നിയമങ്ങൾ പാസാക്കിയവർതന്നെ ജനങ്ങളുടെ നികുതിപ്പണത്തിൽനിന്ന് ആറായിരം രൂപ വീതം നൽകി അവരെ വിലയ്ക്കെടുക്കുകയും ചെയ്യും. പ്രധാൻമന്ത്രി കിസാൻ യോജനയിൽ നിന്നു പണം കൈപ്പറ്റിയവരും കേരളത്തിൽ കിറ്റു വാങ്ങിയവരുമെല്ലാം നന്ദി വോട്ടാക്കിയവരാണ്. മാസങ്ങളോളം നീണ്ട കർഷക സമരവും പൗരത്വ നിയമ വിരുദ്ധ സമരവുമെല്ലാം ആവിയായി.

എൻഡിഎ മുന്നേറ്റത്തിലാണ്. നായകസ്ഥാനത്തുള്ള ബിജെപി ഒറ്റയ്ക്കു ഭൂരിപക്ഷം നേടിക്കൊണ്ടിരിക്കുന്നു. പ്രതിപക്ഷ പാർട്ടികൾക്കിടയിലെ ഭിന്നിപ്പിനെ മുതലെടുത്തുകൊണ്ടാണ് ഈ വിജയം. കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിനും അതിനുശേഷം നടന്ന നിയമസഭാ തെരഞ്ഞെടുപ്പുകളിലും പതിവുപോലെ ഭിന്നിച്ചു പൊരുതിയ പ്രതിപക്ഷത്തിനു വിലാസംപോലും ഇല്ലാത്ത അവസ്ഥയായി.



മൂന്നു വർഷം കഴിഞ്ഞ് 2024 ൽ നടക്കുന്ന ലോക്സഭാ തെരഞ്ഞെടുപ്പിൽ ബിജെപിക്കു മൂന്നാമത്തെ തുടർഭരണം ലഭിക്കുമോ? അതു തടയണമെന്നാണ് പ്രതിപക്ഷ കക്ഷിനേതാക്കളുടെ മോഹം. അടുത്ത വർഷം നടക്കുന്ന ഉത്തർപ്രദേശ്, ഉത്തരാഖണ്ഡ്, പഞ്ചാബ്, മണിപ്പൂർ, ഗോവ സംസ്ഥാന നിയമസഭകളിലേക്കു തെരഞ്ഞെടുപ്പു വരുന്നുണ്ട്. ഇവിടങ്ങളിലെല്ലാം ഭരണം പിടിക്കണമെങ്കിൽ പ്രതിപക്ഷ ഐക്യനിര കെട്ടിപ്പടുക്കണം. അതിനായി കോൺഗ്രസ് അധ്യക്ഷ സോണിയാഗാന്ധിയുടെയും പശ്ചിമ ബംഗാൾ മുഖ്യമന്ത്രി മമത ബാനർജിയുടെയും നേതൃത്വത്തിൽ പ്രതിപക്ഷ പാർട്ടി നേതാക്കൾ ഒന്നിച്ചിരുന്നു ചർച്ചകൾ ആരംഭിച്ചു. ബംഗാളി ദീദി മമത തന്നെയാണ് ഇതിനെല്ലാം തുടക്കം കുറിച്ചത്.

ഏറ്റവും വലിയ പ്രതിപക്ഷ പാർട്ടിയെ

ന്ന് അഭിമാനിക്കുന്ന കോൺഗ്രസിന് പ്രതിപക്ഷ ഐക്യത്തിന്റെ നേതൃത്വം ഏറ്റെടുക്കാൻ കഴിയുമോ? ക്ഷയിച്ചുപോയ പാർട്ടിയുടെ നേതൃത്വവും വളരെ ദുർബലമാണ്. ക്യാൻസർ രോഗബാധിതയും ക്ഷീണിതയുമായ പാർട്ടി അധ്യക്ഷ സോണിയാ ഗാന്ധിക്കു പരിമിതികളുണ്ട്. മക്കളായ രാഹുൽഗാന്ധിയും പ്രിയങ്കാ ഗാന്ധിയും വിശ്വസ്തരായ എഐസിസി ജനറൽ സെക്രട്ടറിമാരുടെ സഹായത്തോടെയാണ് കോൺഗ്രസ് പാർട്ടി സംവിധാനത്തെ മുന്നോട്ടു നയിക്കുന്നത്. പാർട്ടി അധ്യക്ഷ സ്ഥാനത്തേക്കു കാര്യപ്രാപ്തിയുള്ളവർ വരുന്നതുവരെ കോൺഗ്രസിന്റെ മുടന്തു തുടരും.


പ്രതിപക്ഷത്തെ നയിക്കാൻ കരുത്തനായ നേതാവും ശക്തിയാർജിച്ച പാർട്ടിയും ഇല്ല. പ്രതിപക്ഷ ഐക്യം എന്ന ദിവാസ്വപ്നത്തിലേക്കു വഴി തുറക്കാൻ അതുണ്ടാകേണ്ടിയിരിക്കുന്നു. എന്നാൽ അതിനുള്ള സാധ്യതകളൊന്നും കാണുന്നേയില്ല.

കോൺഗ്രസ് ശക്തി പ്രാപിക്കേണ്ടതുണ്ടെന്ന് ബിജെപി നേതാവും കേന്ദ്ര ഗതാഗത മന്ത്രിയുമായ നിതിൻ ഗഡ്കരി കഴിഞ്ഞ ദിവസം പറഞ്ഞിരുന്നു. അതിനു പിറകിൽ എന്തെങ്കിലും ഗുട്ടൻസ് ഉണ്ടോ? നെറ്റി ചുളിക്കുന്നവർ നമുക്കു ചുറ്റുമുണ്ട്.

## മൂന്നാം തരംഗം

കോവിഡ് വ്യാപനം നേരിടാൻ നടത്തിയ അടച്ചുപൂട്ടലുകളും കടുത്ത നിയന്ത്രണങ്ങളും ജനലക്ഷങ്ങളുടെ ജീവിതം തകർത്ത മണ്ടൻ നടപടികളായിരുന്നോ? ചില്ലു മാളികകളിൽ വാഴുന്നവരാണ് നിയന്ത്രണങ്ങൾ അടിച്ചേൽപിച്ചിരുന്നത്. എല്ലാം ജനത്തിന്റെ അന്നം മുട്ടിച്ച പാഴ് വേലകളായിരുന്നെന്ന് തിരിച്ചറിയാൻ മാസങ്ങളോളം വേണ്ടിവന്നു.

ലക്ഷക്കണക്കിനു ജനം ആത്മഹത്യയുടെ വക്കിലായി. വിവിധ ജീവനോപാധികൾക്കായി വാങ്ങിയ വായ്പ തിരിച്ചടയ്ക്കാനാകാതെ കടക്കെണിയിലായി. ജീവിതം വെറുമൊരു കിറ്റിൽ ഒതുങ്ങി. കേന്ദ്രം സൗജന്യ നിരക്കിൽ നൽകുന്ന അരിയും സംസ്ഥാനം മാസത്തിലൊരിക്കൽ നൽകുന്ന പലവ്യഞ്ജന കിറ്റും. എല്ലാം ജനങ്ങളുടെ നികുതിപ്പണം തന്നെ. മാസങ്ങളോളം തൊഴിലും വരുമാനവും ഇല്ലാതായി. തൊഴിൽ, വരുമാന സ്രോതസുകളെ പച്ചപിടിപ്പിച്ചെടുക്കാൻ മാസങ്ങളോളം കാത്തിരിക്കണം.



ഓണത്തിനു മുന്നോടിയായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച ഇളവുകളിലാണ് ജനങ്ങൾക്ക് ആശ്വാസം. എന്നാൽ ഓണം കഴിഞ്ഞതോടെ രോഗവ്യാപന തോതിലുണ്ടായ ക്രമാതീതമായ വർധന ആ ആശ്വാസത്തെ കെടുത്തിക്കളയുന്നതായി. ഇനിയും ഒരു ലോക് ഡൗൺ മുന്നിലുണ്ടെന്ന ആശങ്കയും ഭീതിയുമെല്ലാമാണു ജനങ്ങളെ ഭരിക്കുന്നത്.

ഇങ്ങനെയിരിക്കേയാണ് കോവിഡ് വ്യാപനത്തിന്റെ മൂന്നാം തരംഗം അടുത്ത മാസം അവസാനത്തോടെ വരുമെന്ന് കേന്ദ്ര ആരോഗ്യ വിഭാഗത്തിന്റെ മുന്നറിയിപ്പ്. 23 ശതമാനം പേർ രോഗബാധിതരാകുമെന്നാണ് നീതി ആയോഗിന്റേയും ആരോഗ്യ വകുപ്പിന്റേയും വിലയിരുത്തൽ. പരമാവധി പേർക്കു വാക്സിൻ നൽകിയും ആശുപത്രികളിൽ കൂടുതൽ ഐസിയു കിടക്കകളും ഓക്സിജനും സജ്ജമാക്കിയും മൂന്നാം തരംഗത്തെ നേരിടാനുള്ള തീവ്ര ശ്രമത്തിലാണ് സർക്കാരുകൾ.

## ക്യാപ്റ്റനെവിടെ?

കേരളത്തിന്റെ നവോത്ഥാന, വികസന മുന്നേറ്റത്തിനു നെടുനായകത്വം വഹിക്കുന്ന 'ക്യാപ്റ്റ'നെ കാണാനില്ല. ഓണത്തിനുശേഷം സാമൂഹ്യ മാധ്യമങ്ങളിലൂടെ കോൺഗ്രസ് അനുകൂലികൾ നടത്തുന്ന പ്രചാരണം

ഇതാണ്.

കോവിഡ് മഹാമാരിയിൽനിന്ന് കേരളത്തെ 'രക്ഷിക്കു'മെന്ന് പ്രഖ്യാപിച്ച് സൗജന്യ അരിയും കിറ്റുമെല്ലാം നൽകുകയും ചെയ്ത് രണ്ടാംവട്ടവും അധികാരത്തിലെത്തിയ മുഖ്യമന്ത്രി പിണറായി വിജയനെ മൂന്നാഴ്ചയായി കാണാനില്ലെന്നാണ് പ്രചാരണം. എല്ലാ ദിവസവും വൈകുന്നേരം ആറിന് വാർത്താ സമ്മേളനത്തിലൂടെ ജനങ്ങൾക്കു മുന്നിലെത്താറുള്ള അദ്ദേഹം ഓഗസ്റ്റ് മാസം തുടക്കത്തോടെത്തന്നെ ആ പരിപാടി താത്കാലികമായി നിർത്തിവച്ചു. ഓണം കഴിഞ്ഞതോട രോഗവ്യാപനം വർധിച്ചു. എന്നിട്ടും വാർത്താ സമ്മേളന പരിപാടി പുനരാരംഭിക്കാതായതോടെയാണ് നവമാധ്യമങ്ങളിലൂടെ 'കാണാനില്ലെ'ന്ന പ്രചാരണം ചൂടായത്.

കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിന്റെ പ്രചാരണ വേളയിലാണ് മുഖ്യമന്ത്രി പിണറായി വിജയന് എൽഡിഎഫിലെ ചില നേതാക്കൾ 'ക്യാപ്റ്റൻ' പദവി ചാർത്തിയത്. എൽഡിഎഫിന്റെ ക്യാപ്റ്റൻ എന്നല്ല, കേരളത്തിന്റെ ക്യാപ്റ്റൻ എന്ന നിലയിലേക്ക് ആ പ്രചാരണം വളരുകയും ചെയ്തു.

കോവിഡ് നിയന്ത്രണത്തിന്റെ പാടിപ്പുകഴ്ത്തലുകൾ അടച്ചിടലിന്റെ പട്ടിണിയനുഭവിച്ചവർ പുലഭ്യപ്പാട്ടുകളാക്കി മാറ്റി. ദുരിതത്തിലായ ചെറുകിട വ്യാപാരികൾ അടക്കമുള്ള ജനലക്ഷങ്ങൾ തെരുവിലിറങ്ങിത്തുടങ്ങി. അങ്ങനെയിരിക്കേ, കടുത്ത നിയന്ത്രണങ്ങളിൽ ഇളവു പ്രഖ്യാപിച്ച് കളം വിട്ടതാണ് അദ്ദേഹം. വിമർശക ട്രോളുകളിലെ ആരോപണം അങ്ങനെയാണ്.

ഓണത്തിനു മൂന്നാഴ്ച മുമ്പേ നിയന്ത്രണങ്ങൾ പിൻവലിച്ചത് വിചിത്ര ഉപാധികളോടെയാണ്. വാക്സിൻ എടുത്തവർ മാത്രമേ വീടുകളിൽനിന്നു പുറത്തിറങ്ങാവൂ! വാക്സിനാണെങ്കിലോ സർക്കാർ കൊടുക്കുന്നുമില്ല.

വാക്സിൻ എടുക്കാതെ പശുവിനു പുല്ലരിയാനും റേഷൻ കിറ്റ് വാങ്ങാനും മത്സ്യം വിൽക്കാനും പോയവരെയെല്ലാം പോലീസ് വളഞ്ഞിട്ടു പിടികൂടി പിഴ ചുമത്തി. ഇത്തരം 'കൊടും ക്രിമിനലു'കളെ കണ്ടുപിടിക്കുകയെന്ന അതിഗംഭീരമായ പണിയാണ് കേരള പോലീസ് നിർവഹിക്കുന്നത്. വാക്സിൻ കിട്ടാത്തവരെ പിഴിഞ്ഞു ഖജനാവു നിറച്ചാലേ സർക്കാരിന്റെ ഭരണചക്രം തിരിയൂ. ശമ്പളം കിട്ടൂ. ഇങ്ങനെയുള്ള ജനകീയ, വികസന മുന്നേറ്റങ്ങളുമായുള്ള കപ്പലോട്ടത്തിനിടയിലാണ് കപ്പിത്താനെ കാണാനില്ലെന്ന പ്രചാരണം.

## താലിബാനിസം

മതത്തെ മറയാക്കി രാഷ്ട്രീയ അധികാരം പിടിച്ചെടുക്കുന്ന രീതിക്കു നൂറ്റാണ്ടുകളുടെ പാരമ്പര്യമുണ്ട്. ഭരണാധികാരം പിടിച്ചെടുക്കാൻ മതവിശ്വാസത്തെയും മതനിയ





മങ്ങളേയും ആയുധമാക്കുന്ന രീതി.

എക്കാലവും യുദ്ധവും കലാപവും രാഷ്ട്രീയ അസ്ഥിരതയും മാത്രം വിളയാടിയ അഫ്ഗാനിസ്ഥാനിൽ വീണ്ടും താലിബാൻ അധികാരം പിടിച്ചെടുത്തപ്പോൾ ലോകം അമ്പരന്നില്ല. പ്രതീക്ഷിച്ചിരുന്ന നീക്കമാണത്. അഫ്ഗാനിൽനിന്ന് ഇക്കഴിഞ്ഞ മാസത്തോടെ സൈന്യത്തെ പിൻവലിക്കുമെന്ന് കഴിഞ്ഞ വർഷം യുഎസ് പ്രസിഡന്റായിരുന്ന ട്രംപ് പ്രഖ്യാപിച്ചിരുന്നു. പിന്മാറിയാൽ താലിബാൻ വീണ്ടും വരുമെന്ന് ആർക്കും സംശയം ഉണ്ടായിരുന്നില്ല. ട്രംപിന്റെ പ്രഖ്യാപനം നടപ്പാക്കുകയാണ് ഇപ്പോഴത്തെ യുഎസ് പ്രസിഡന്റ് ജോ ബൈഡൻ.

അഫ്ഗാനിസ്ഥാനിലെ ഭരണം താലിബാൻ ആദ്യമായി പിടിച്ചെടുത്തത് 1996 ലാണ്. വിവിധ കലാപ ഗ്രൂപ്പുകൾ തമ്മിലുള്ള ഏറ്റുമുട്ടലുകൾമൂലം തകർന്ന രാജ്യം. ഭക്ഷണവും വൈദ്യുതിയും മാത്രമല്ല, കുടിവെള്ളം പോലും കിട്ടാതെ ക്ലേശിക്കുന്ന ജനം. തകർന്ന റോഡുകൾ. പട്ടിണിയും പരിവട്ടവുമാണ് ആകെയുള്ള സമ്പാദ്യം. കലാപവും ആക്രമണവുംമൂലം ഏതു നിമിഷവും ജീവൻ നഷ്ടമാകും. അങ്ങനെയാണ് ദശാബ്ദങ്ങളായി അഫ്ഗാന്റെ അവസ്ഥ. ഇവിടെയാണ് ദൈവഹിതം ഇങ്ങനെയാണെന്ന വ്യാഖ്യാനവുമായി അന്നു താലിബാൻ പിടിച്ചെടുത്തത്.

സ്ത്രീകൾക്ക് തൊഴിലിനും വിദ്യാഭ്യാസത്തിനും അനുവാദമില്ലെന്നതുൾപ്പെടെ അടിസ്ഥാന മനുഷ്യാവകാശങ്ങൾ പലതും നിഷേധിക്കുന്നതാണ് താലിബാൻ രീതി. സ്ത്രീകൾ വെറും അടിമകൾ. വിദേശികളും വിജാതീയരുമെല്ലാം ഇവർക്കു ശത്രുക്കളാണ്. ഇക്കൂട്ടരെ പുറത്താക്കുകയോ വകവരുത്തുകയോ ചെയ്യും. മതഭീകരതയിലൂടെയുള്ള രാജ്യഭരണത്തിന് 'താലിബാനിസം' എന്ന പ്രയോഗം തന്നെയുണ്ട്. ചെയ്തുകൂട്ടിയ ഭീകരവും മനുഷ്യത്വരഹിതവും സ്ത്രീവിരുദ്ധവുമായ പ്രവർത്തനങ്ങൾക്കെതിരേ ഐക്യരാഷ്ട്ര സഭയും അമേരിക്കയും രംഗത്തുവന്നു. പിന്നീട് അതു യുദ്ധമായി മാറി. താലിബാൻ ഭരണത്തെ അമേരിക്കൻ പട്ടാളം 2001 നവംബറിൽ അഫ്ഗാനിസ്ഥാനിൽ നിന്നു തുരത്തി. അമേരിക്കൻ സേനയുടെ പിന്തുണയുള്ള ഭരണകൂടത്തെ സ്ഥാപിച്ചെങ്കിലും പോരാട്ടം തുടർന്നു. ചോരപ്പുഴ ഒഴുകിയ 20 വർഷം. എന്നിട്ടും അമേരിക്കയ്ക്കു താലിബാനെ തുടച്ചുനീക്കാനായില്ല.

താലിബാനെതിരായ പോരാട്ടത്തിന് അഫ്ഗാൻ സൈന്യത്തിന്റേയും അഫ്ഗാനിസ്ഥാനികളുടെയും പിന്തുണ കുറഞ്ഞെന്നു ബോധ്യപ്പെട്ടതോടെയാണ് അമേരിക്കൻ സേന പിന്മാറാൻ തീരുമാനിച്ചത്. സേനാ പിന്മാറ്റം ഓഗസ്റ്റ് ആദ്യ വാരത്തിലേ ആരംഭിച്ചു. ഓഗസ്റ്റ് പകുതിയോടെ താലിബാൻ അധികാരം പിടിച്ചെടുത്തു. അഫ്ഗാനിസ്ഥാന്റെ പേര് ഇസ്‌ലാമിക് എമിറേറ്റ്സ് ഓഫ് അഫ്ഗാനിസ്ഥാൻ എന്ന് മാറ്റുകയും ചെയ്തു. അഫ്ഗാൻ പ്രസിഡന്റ് അഷ്റഫ് ഗനിയും മന്ത്രിമാരും രാജ്യം വിട്ടു. താലിബാന്റെ പുതിയ ഭരണ സംവിധാനം ഇവരെ വേട്ടയാടാതിരിക്കുമോ? ഭരണം പിടിച്ചെടുത്ത് ഒരാഴ്ചയ്ക്കകം സൈനികർ അടക്കം ലക്ഷത്തിലേറെ വിദേശികളെയാണ് അമേരിക്ക അഫ്ഗാനിസ്ഥാനിൽനിന്ന് പുറത്തു കടത്തിയത്.

ഇരുപതു വർഷം അമേരിക്കൻ സേനയും യുഎൻ സേനയും നടത്തിയ പോരാട്ടത്തിന് എന്തു ഫലമെന്ന ചോദ്യത്തിന് ഉത്തരമില്ല. താലിബാനെ ഇല്ലാതാക്കാൻ കഴിഞ്ഞില്ലല്ലോയെന്നു പരിതപിക്കുന്നവരുമുണ്ട്.

അഫ്ഗാനിസ്ഥാനിൽ താലിബാൻ മാത്രമല്ല, ഇസ്ലാമിക് സ്റ്റേറ്റ് എന്ന ഐഎസും ഒളിപ്പോരാട്ടവുമായി രംഗത്തുണ്ട്. ഇരുകൂട്ടർക്കും വേണ്ടത് അധികാരവും പണവും. അതിന് എത്ര വലിയ മനുഷ്യക്കുരുതിയും അവർ നടത്തും. അതാണ് അവരുടെ മതം.●

# കുപ്പിയിലടച്ച ഭൂതങ്ങൾ





ടി ടി രാജീവൻ
മുണ്ടിയോട്

യൂറോപ്പിന്റെ കിഴക്ക് ഭാഗത്തുള്ള ഒരു ചെറിയ പട്ടണത്തിലാണ് കഥ നടക്കുന്നത്. 2021 ജൂലൈ മാസം. മരത്തടികൾ കൊണ്ടും മറ്റും റോഡുകൾ കെട്ടിയടച്ചിരിക്കുന്നു. എല്ലാവരും അവരവരുടെ വീടുകളിലൊതുങ്ങുകയാണ്.

നേരം പോകാതെ ദിവസങ്ങൾ.... തലങ്ങും വിലങ്ങും നടന്നിട്ടും എങ്ങുമെത്താതെ ചിലർ.....

അവരിൽ ഒരാളായിരുന്നു വാക്സിനേഷ്യ!

ഏറ്റവും ഒടുവിൽ കൊറന്റീനിൽ തങ്ങിയ റെയിൽവേ ഉദ്യോഗസ്ഥൻ. നല്ല ഉയരവും പാറപോലെ കറുത്ത ദൃഢമായ ശരീരവുമുള്ള ഒരു നീഗ്രോ വംശജൻ.ചോരകണ്ണുകളുള്ള സ്നേഹസമ്പന്നൻ!

റെയിൽവേ സ്റ്റേഷനടുത്തുള്ള പുറമ്പോക്ക് സ്ഥലം വിലയ്ക്കു വാങ്ങി ഒരു കൊട്ടാരം പോലുള്ള വീടാണ് തന്റെ കാമുകിക്കു വേണ്ടി അയാൾ പണീതത്. വർഷത്തിൽ കൂടിയാൽ രണ്ടുതവണ മാത്രമേ അയാൾക്ക് നാട്ടിൽ വരാൻ സാധിക്കുമായിരുന്നുള്ളൂ. അപ്പോഴെല്ലാം അയാൾ അവളെ കാണാൻ വേണ്ടിയാണ് ഇവിടെ വന്നിരുന്നത്.

വെളുത്ത കൊലുന്ന ശാരീരമാണവൾക്. അവളുടെ സദാ വിടർന്ന കണ്ണുകളും നീല കൺപീലികളും വടിവൊത്ത ചുണ്ടുകളും കുറച്ചൊന്നുമല്ല അയാളെ ലഹരി പിടിപ്പിച്ചിരുന്നത്. ലണ്ടനിലെ ഒരു മെഡിക്കൽ കോളേജിൽ നേഴ്സ് ആയിരുന്നു അവൾ. ഒരു ട്രെയിൻ യാത്രക്കിടയിലാണ് വാക്സിനേഷ്യ അവളെ പരിചയപ്പെടുന്നത്.

ആ വീടിന്റെ രണ്ടാം നിലയിലെ മുറിയിലിരുന്നാണ് അവർ രണ്ടുപേരും മദ്യം സേവിച്ചിരുന്നത്.

അപ്പോൾ വോഡ്കയുടെ കുപ്പി ഏതാണ്ട് കാലിയായി കഴിഞ്ഞിരുന്നു. ഗ്ലാസിൽ ബാക്കിയായ വോഡ്ക അയാൾ ഒറ്റവലിക്ക് തീർത്തിട്ട് ചോദിച്ചു. ' നമ്മുടെ വേലക്കാരി നന്നായിട്ട് പണിയെടുക്കുന്നുണ്ടല്ലോ. അല്ലെ?'

ആര്? വാനില കമ്മീഷയോ? '

'അതെ!'

'നല്ല ചേലായി. നാടൻ ഭക്ഷണം കഴിച്ചു ഞാൻ ചാവും. '

' ഇനി വരുമ്പോ ചൈനീസ് വിഭവങ്ങൾ ഉണ്ടാക്കുന്ന ഒരാളെ കൊണ്ടുവരാം. '

അയാളുടെ ചോരക്കണ്ണുകളിൽ സ്നേഹത്തിന്റെ തിളക്കം അവൾ കണ്ടു.

അങ്ങിനെ കഴിഞ്ഞ പ്രാവശ്യം അയാൾ വരുമ്പോൾ കൊണ്ടുവന്നതാണ് വാനില കമ്മീഷയെ. കമ്മീഷയെ കണ്ടാൽ തനി നീഗ്രോക്കാരിയുടെ ലുക്കാണ്. തലയിൽ വലിയൊരു കുടുമക്കെട്ടും, തടിച്ച മുലകൾക്കു മേലെ നനുത്തൊരു നിറം മങ്ങിയ ബനിയനും. ചെവിയിലെ ചെമ്പിൽ തീർത്ത വലിയ ലോലാക്കും, മൂക്കിൽ ഉയർന്നു നിന്ന് തിളങ്ങുന്ന മൂക്കുത്തിയും. പുറകിലേക്ക് ഏറെ തള്ളിനിൽക്കുന്ന വലിയ ചന്തി മറയ്ക്കാനോ അതോ കാണിക്കാനോ എന്നറിയാത്ത ഒരു കുഞ്ഞു പാവാടയും!

എന്നാലും കമ്മീഷയെ അവൾക്ക് ഇഷ്ടമായിരുന്നു. പുറത്തെ പണികളും കൂടാതെ തുണിയലക്കാനും വീടുവൃത്തിയാക്കാനും കമ്മീഷയ്ക്കു നന്നായറിയാം.

അവളുടെ വീടിന്റെ രണ്ടാം നിലയിലെ ചില്ലുകൂട്ടിൽ നിന്നു നോക്കിയാൽ ഉദയവും അസ്തമയവും കാണാം. കടലിന്റെ ഇരമ്പൽ

കേൾക്കാം. വാക്സിനേഷ്യയുടെ വരവും കാത്ത് ദൂരെ ട്രെയിനിന്റെ നിഴലും നോക്കി ആർത്തിയോടെ അവളിരിക്കുന്നത് അവിടെയാണ്.

ഈ പ്രാവശ്യം വന്നപ്പോൾ വാക്സിനേഷ്യയുടെ കൂടെ ഒരു ചൈനീസ് പയ്യനുമുണ്ടായിരുന്നു. അവന്റെ പേര് ചിയാൻ ഹു കൊറോണ എന്നായിരുന്നു. അവൾ അവനെ കൊറോണ എന്നുമാത്രം വിളിച്ചു.

പതിനാറിന്റെ ചോരത്തിളപ്പുള്ള പയ്യൻ. പേരറിയാത്തൊരു ചെറിപഴത്തിന്റേതുപോലെ കൊമ്പൻ മുടിയുള്ള ചെറുക്കൻ.

വലിയ രണ്ട് ചെവികളാണ് അവനുള്ളത്. ചെവിയിലും കീഴ്ത്താടിയിലും നീണ്ടു കൂർത്ത കുറ്റി രോമങ്ങൾ. പുകക്കറ പുരണ്ട ചുവന്ന ചുണ്ടുകൾ.

ഒറ്റനോട്ടത്തിൽ തന്നെ അവന്റെ മഞ്ഞ കണ്ണുകൾ അവളെ അടിമുടി പരതി. അവളുടെ ശ്വാസത്തിന്റെ മാസ്മര ഗന്ധത്തിലേക്ക് അവൻ ആഴ്ന്നിറങ്ങവെ അവൾ അയാളോട് പറഞ്ഞു.

' പോയി കുളിച്ചിട്ടു വാ. ഞാൻ ഭക്ഷണം എടുത്തു വയ്ക്കാൻ പറയാം. '

'എന്താ ഇന്ന് കഴിക്കാൻ? '

'കപ്പയും ബീഫും. ഞാൻ മടുത്തു. ' അവൾ കെറുവിച്ചു.

'ഈ വാനില കമ്മീഷയെ പറഞ്ഞു വിട്ടാലോ?'

' പുതിയ പയ്യൻ വരുന്ന കര്യം ഞാൻ പറഞ്ഞിരുന്നു. '

'എന്നിട്ട് അവരെന്തു പറഞ്ഞു?'

'എന്നാ പിന്നെ അനുഭവിച്ചോ എന്ന്!'

ഇരുവരും ചിരിച്ചു.

കമ്മീഷ ഒരു മന്ത്രവാദി കൂടിയാണ്. നാട്ടുവൈദ്യവും കുറച്ചൊക്കെ അറിയാം. പനി വന്നാൽ കമ്മീഷ അവൾക് കുരുമുളകും ഇഞ്ചിയും കരിഞ്ജീരകവും ചേർത്ത് തിളപ്പിച്ച കഷായവും കവിൾ കൊള്ളാൻ മഞ്ഞളും ഉപ്പും ഇട്ട് തിളപ്പിച്ച വെള്ളവുമാണ് കൊടുക്കാറ്.

വാക്സിനേഷ്യ വരാത്ത രാത്രികളിൽ അവർ വെറുതെയിരുന്ന് വർത്തമാനം പറയും. കമ്മീഷ ഭൂതത്തെ കുപ്പിയിലാക്കുന്ന ജലവിദ്യയെക്കുറിച്ചാണ് പറയുക. 'അബ്രക ദബ്രക അബ്രക ദബ്രക' എന്നുപറഞ്ഞ് വായുവിൽനിന്ന് എന്തോ ഏന്തിപിടിച്ച് അവർ വോഡ്കയുടെ കുപ്പിയിലിട്ട് അടച്ചുവയ്ക്കും.

വാക്സിനേഷ്യയോടൊത്ത് കിടക്ക പങ്കിടുന്ന രാത്രികളിലെല്ലാം അവൾ കമ്മീഷയുടെ കഥ പറഞ്ഞു പൊട്ടിച്ചിരിക്കും.

അന്ന് രാവിലെ അടുക്കള ഭാഗത്തു വച്ച് കമ്മീഷയെ കണ്ടപ്പോൾ അയാൾ വെറുതെ ചോദിച്ചു.

'എന്താ സുഖമല്ലേ?'

'സുഖം. കപ്പയും ബീഫും എങ്ങനുണ്ടായിരുന്നു?' അവർ തിരിച്ചു ചോദിച്ചു.

'കൊള്ളാം. ഇനി മുളയരി പായസം എന്നാ വയ്ക്കുന്നത്?'

'നിങ്ങൾക്കൊരു പെൺകുഞ്ഞു പിറക്കുമ്പോ.'

'പെൺകുഞ്ഞു പിറന്നാൽ കമ്മീഷ അവളെ എന്ത് വിളിക്കും?'

'പെണ്ണാവുമ്പോ രക്ഷയില്ല. കണ്ണുതെറ്റിയാൽ പീഡനമല്ലേ.ആരെയാ വിശ്വസിക്യാ?' അവർ ഈർഷ്യയോടെ അയാളെ നോക്കി.

' കുഴപ്പമില്ല. നമുക്ക് അവളെ കോവിഡെന്നു വിളിക്കാം. കോവിഡെപ്പോഴും പഞ്ചായത്തിന്റെ നിരീക്ഷണത്തിലായിരിക്കുമല്ലോ.'

കമ്മീഷയുടെ മറുപടിക്ക് കാത്തുനിൽക്കാതെ വാക്സിനേഷ്യ മുകളിലത്തെ നിലയിലേക്ക് ധൃതിയിൽ കയറിപ്പോയി.

കൊറോണ വാതിലിൽ മുട്ടിയപ്പോഴാണ് ഇരുവരും ഉണർന്നത്. സംഭോഗവും കഴിഞ്ഞുള്ള ഉച്ച മയക്കത്തിലായിരുന്നു അവർ. അവൻ വാതിൽ തുറന്ന് അകത്തേക്ക് കടന്നു. കയ്യിലെ ട്രേയിൽനിന്ന് ചൂടുള്ള നൂഡിൽസിന്റെ മണം മൂക്കിലേക്ക് പടർന്നു കയറി. അവൾ ശീതപ്പനി പിടിച്ചപോലെ തുമ്മി. 'എന്തു പറ്റി?' അയാൾ ചോദിച്ചു.

'വല്ലാത്ത ശരീരവേദന. വേണ്ടായിരുന്നു. 'അയാൾ ഒളികണ്ണാലേ അവളെ നോക്കി ചിരിച്ചു. പിന്നെ അലമാരയിൽ നിന്നു വോഡ്കയുടെ കുപ്പിയെടുത്ത് മേശപ്പുറത്ത് വച്ചു.

കൊറോണ തന്റെ നഗ്നമായ മാറിടത്തിലേക്ക് കണ്ണെടുക്കാതെ നോക്കുന്നത് അവൾ അപ്പോഴാണ് കണ്ടത്. കമ്പിളി വാരിപുതച്ച് അവൾ അല്പം കാർക്കശ്യത്തോടെ പുലമ്പി.

'ചൈനയുടെ കണ്ടുപിടുത്തം കൊണ്ട്

ലോകം മുഴുവൻ മാസ്ക് വച്ചില്ലേ. മാസ്സാണിവൻ മരണ മാസ്സ്!'

വാക്സിനേഷ്യ അപ്പോഴാണ് അതോർത്തത്...

അയാൾ വോഡ്കയ്ക്കൊപ്പം ഫ്രീയായി കിട്ടിയ സാനിറ്റൈസറെടുത്ത് അവൾക്കു നീട്ടി.

കൊറോണ മുറിയിൽനിന്ന് പെട്ടെന്ന് തന്നെ പുറത്തേക്ക് പോയി.

അന്നത്തെ ക്വാറന്റീൻ വാസവും കഴിഞ്ഞ് ആഹ്ലാദകരമായ കുറെ ദിവസങ്ങൾക്കു ശേഷം വാക്സിനേഷ്യ മടങ്ങിപ്പോകാൻ തീരുമാനിച്ചു. ട്രെയിനിൽ കയറുംമുമ്പ് കണ്ണുകൾ നിറഞ്ഞ് തന്നെ നോക്കിനിൽക്കുന്ന അവളെ അയാൾ ചേർത്തുപിടിച്ച് നെറുകയിൽ ചും

ബിച്ചു.

അവളുടെ കണ്ണുനീർ തുടച്ചുകൊണ്ട് അയാൾ പറഞ്ഞു.

'ഞാൻ വേഗം തിരിച്ചുവരും. നിന്റെ സ്വപ്നങ്ങളിലാണ് ഞാൻ ജീവിക്കുന്നത്. ഈ അടുത്ത് തന്നെ നീയൊരു കുഞ്ഞിന് ജന്മം നൽകും.'

അവൾ ഒന്നും പറഞ്ഞില്ല.

പ്ലാറ്റ്ഫോമിലെ തിരക്കിൽ മാസ്കിടാത്തവരെ നോക്കി ചിരിച്ചുകൊണ്ട് കൊറോണ നടന്നു. അയാൾ അവനെ അടുത്തേക്ക് മാടി വിളിച്ചു.

അവന്റെ മഞ്ഞ കണ്ണുകളിൽ നല്ല തിളക്കമായിരുന്നു.

'ഞാൻ മടങ്ങി വരുന്നത് വരെ നീ ഇവളെ നോക്കണം. രാത്രികളിൽ നീ ഉറങ്ങരുത്. കള്ളന്മാർ ചിലപ്പോൾ നിന്നെയും ആക്രമിച്ചേക്കാം. ചുറ്റുമുള്ളവരെ സമയം കിട്ടുമ്പോഴൊക്കെ ഒന്നു നിരീക്ഷിക്കണം. ചൈനക്കാരെനാണെന്നു കരുതി മറ്റുള്ളവരുടെ വേലിക്കെട്ടിനുള്ളിൽ അതിക്രമിച്ചു കടക്കരുത്. '

അവൻ തലകുലുക്കി സമ്മതിച്ചു.

ട്രെയിൻ കണ്ണിൽ നിന്നു മായുന്നത് വരെ ഇരുവരും അവിടത്തന്നെ നിന്നു.

അടുക്കളയിൽ കൊറോണയെ സഹായിക്കലാണ് കമ്മീഷയുടെ ഇപ്പോഴത്തെ ജോലി. കൊറോണയ്ക്ക് അവരുടെ ഭാഷ കേട്ടാൽ മനസ്സിലാകുമെന്നല്ലാതെ മറുപടി പറയാൻ കഴിയുമായിരുന്നില്ല.

ജോലിയെല്ലാം കഴിഞ്ഞാൽ താഴത്തെ നിലയിലെ അടുത്തടുത്ത മുറികളിലാണ് ഇരുവരും കിടന്നിരുന്നത്.

നീഗ്രോ സ്ത്രീകൾ വിശ്വസ്ഥരായ കൊടിച്ചി പട്ടികളാണെന്നായിരുന്നു വാക്സിനേഷ്യയുടെ വാദം.

അവർ അവരുടെ നായ്ക്കളെ വഞ്ചിക്കില്ല.

എന്നിരുന്നാലും ഇയ്യിടെയായി താഴത്തെ നിലയിൽ നിന്ന് രാത്രി കാലങ്ങളിൽ പലതരം ശബ്ദങ്ങൾ അവൾക്കു കേൾക്കാമായിരുന്നു.

എന്നാൽ അവൾ അതൊന്നും ശ്രദ്ധിക്കാതെ വാക്സിനേഷ്യയെക്കുറിച്ചോർത്തു കിടക്കുമായിരുന്നു.

വാക്സിനേഷ്യ പോയി പതിനാറു ദിവസം കഴിഞ്ഞിരിക്കുന്നു. രാത്രിയിൽ പതിവിലും വിപരീതമായൊരു ഞരക്കം കേട്ടാണ് അവൾ ഉണർന്നത്. അവൾ കമ്മീഷയുടെ മുറിയുടെ വാതില്കലെത്തി. വെറുതെ ഒന്ന് താക്കോൽ ദ്വാരത്തിലൂടെ കണ്ണെത്തിച്ചു നോക്കിയതാണ്.

അവളിൽ അപ്പോൾ ഒരഗ്നികുണ്ഡം കത്തിപ്പടർന്നു. അവളിന്നുവരെ കാണാത്തൊരു കാഴ്ചയായിരുന്നു അത്. ഏതോ അലകടലിന്റെ ചുഴികളിൽ പൊങ്ങിയും താണും ഓക്സിജൻ സിലിണ്ടറുകളിൽ നാഗങ്ങളെപ്പോൽ ചുറ്റിവരിയുന്ന രണ്ട് മുഖം മൂടികൾ.

അവൾ പതിവായി താക്കോൽ ദ്വാരത്തിലൂടെ ആ കാഴ്ചകൾ കാണാനെത്തി. മെല്ലെ മെല്ലെ വാക്സിനേഷ്യ അവളുടെ ചിന്തകളിൽ നിന്നകന്നു. ട്രെയിനിന്റെ നിഴൽ കാണാൻ അവളിപ്പോൾ കാത്തിരിക്കാറില്ല.അവൾ ഉദയവും അസ്തമയവും കാണാതായി.

അന്ന് രാത്രിയുടെ മൂർദ്ധന്യത്തിൽ കമ്മീഷയുടെ നിലവിളി കേട്ടാണ് അവൾ ഞെട്ടിയുണർന്നത്. പതിവുപോലെ താക്കോൽ ദ്വാരത്തിലൂടെ അവൾ നോക്കി. കമ്മീഷ ശ്വാസം കിട്ടാതെ പിടയുകയാണ്. അവരുടെ മുറിയില അലമാരയിൽ സൂക്ഷിച്ച വോഡ്കയുടെ കാലിക്കുപ്പികൾ നിലത്തുവീണു പൊട്ടിച്ചിതറിയിരിക്കുന്നു.

ഉറക്കെ നിലവിളിക്കാൻ തുടങ്ങിയ അവളുടെ വായ ആരോ മാസ്കുകൊണ്ട് മൂടികെട്ടി.അവളുടെ ശബ്ദം ക്രമേണ ഇല്ലാതായി.

എത്രയോ മണിക്കൂറുകൾ.....

അവൾ ഉണർന്നപ്പോൾ നേരം വെളുത്തിരുന്നു. മുമ്പിൽ കൊറോണയില്ല. ശ്വാസം കിട്ടാതെ പിടഞ്ഞ കമ്മീഷയില്ല. അവൾ വസ്ത്രങ്ങൾ വാരിയണിഞ്ഞ് എഴുന്നേറ്റപ്പോൾ കതകിനു പിന്നിൽ വാക്സിനേഷ്യയെ കണ്ടു.

അയാളുടെ കയ്യിൽ പൊട്ടിയ വോഡ്കയുടെ കൂർത്തൊരു ചീള്. കുത്തിവെപ്പിനുള്ള സൂചിപോലെ ഒരെണ്ണം. വാക്സിനേഷ്യ തൊണ്ടയിടറികൊണ്ട് അലറി.

' ഞാൻ കൊറോണയെ കൊന്നു. '

അവൾ ആകാംഷയോടെ കമ്മീഷക്കായി ചുറ്റും പരാതി.

അയാൾ മുരണ്ടു. 'ഒരുപാട് ആത്മാക്കളുടെ ശാപം പേറുന്നതല്ലേ. തൂക്കിക്കൊന്നതും പാമ്പുകടിച്ചതും......

ഞാനവരെ വോഡ്കയുടെ കുപ്പിയിലടച്ച് പാഴ് വസ്തുക്കളെടുക്കാൻ വന്ന പഞ്ചായത്തിലെ ജോലിക്കാർക്ക് കൊടുത്തു.'

അവൾ ഒരു ദീർഘശ്വാസം വിട്ടു.

പുറത്ത് പഞ്ചായത്തിൽ നിന്നു വന്നവരുടെ സംസാരം കേട്ടു.

തുറന്നു കിടന്ന ജനലിനടുത്തേക്ക് വന്ന് അവർ അവളോട് പറഞ്ഞു. 'ഞങ്ങൾ അവസാനമായി ഈ വീടും അണുവിമുക്തമാക്കിയിട്ടുണ്ട്. ഇനി നിങ്ങൾക്ക് പുറത്തിറങ്ങാം.'

പുറത്ത് അപ്പോൾ നല്ല വെയിലായിരുന്നു.

●




# അടുത്തുവരല്ലേ, തൊടല്ലേ...

**ചൈനയിൽ കോവിഡ് വന്നപ്പോൾ കരുതി, ഏയ് കേരളത്തിൽ വരില്ല. വന്നപ്പോൾ കരുതി, അത്ര പേടിക്കാനൊന്നുമില്ല, വേഗം പൊക്കോളും.. എവിടെ!! മാസ്ക് വന്നു, കൈകഴുകൽ വന്നു, വാക്സിനും വന്നു.. കോവിഡ് പോയില്ല. ഇടക്കാലത്തു കേട്ടപോലെ കോവിഡിനൊപ്പം ജീവിക്കുക എന്നതുതന്നെയാണ് ഇപ്പോഴത്തെ മുദ്രാവാക്യം. അപ്പോൾ പതിവുപോലെ പാട്ടുംപാടി ജീവിക്കുക, കരുതലെടുത്തിട്ടുവേണം എന്നുമാത്രം....**




**തേജശ്രീ**

**പാ**സ് നഹി ആയിയേ, ഹാഥ് നാ ലഗായിയേ എന്നൊരു ഹിന്ദി ഗാനമുണ്ട്. അത്യാവശ്യം പഴയതാണ്. 1952ൽ പുറത്തിറങ്ങിയ സാഖി എന്ന ചിത്രത്തിനുവേണ്ടി സി. രാമചന്ദ്ര ഈണമൊരുക്കി ലതാ മങ്കേഷ്കർ പാടിയ ഈ പാട്ട് കഴിഞ്ഞവർഷം കൊറോണയുടെ മുദ്രാഗാനമായി സോഷ്യൽ മീഡിയ ഉയർത്തിക്കാട്ടിയതാണ്. എങ്ങനെയാണ് ഒരു ഹിന്ദിപ്പാട്ട് കോവിഡുമായി ബന്ധപ്പെട്ട് വൈറലായത് എന്നല്ലേ? നോക്കാം.

പാസ് നഹി ആയിയേ എന്നു പറഞ്ഞാൽ അർഥം അടുത്തുവരല്ലേ എന്നാണ്. ഹാഥ് നാ ലഗായിയേ എന്നുപറഞ്ഞാലോ, തൊടല്ലേ എന്നും! കൊറോണക്കാലത്തെ ബോധവത്കരണത്തിനു ഇതിനേക്കാൾ അനുയോജ്യമായ വരികൾ വേറെ എവിടെച്ചെന്നു കണ്ടുപിടിക്കും!. സോഷ്യൽ ഡിസ്റ്റൻസിംഗിന്റെ സുന്ദരരൂപമല്ലേ ഈ പാട്ട്!!. ഒരു റൊമാന്റിക് ഗാനം ആരോഗ്യബോധവത്കരണത്തിനും ഉപയോഗപ്പെടുത്താമെന്ന് പാട്ടു തെ

ളിയിക്കുന്നു.

## കിരീടം ചൂടിയ ബാൻഡ്

നമുക്ക് ഹിന്ദിയും കടന്ന് രാജ്യത്തിനു പുറത്തൊന്നു പോയിവന്നാലോ? തുടക്കത്തിൽ കോവിഡ് തകർത്തെറിഞ്ഞ ഒരു രാജ്യമാണ് ഇറ്റലി. പകർച്ചവ്യാധിക്കു മുന്നിൽ അക്ഷരാർഥത്തിൽ പകച്ചുനിന്നു അവർ. എന്നാൽ കോവിഡ് അല്ലെങ്കിൽ കൊറോണക്കാലത്തിനു മുമ്പ് കൊറോണ എന്നു കേട്ടാൽ ഇറ്റലിക്കാർക്ക് ഓർമവന്നിരുന്നത് അതിസുന്ദരഗാനങ്ങളായിരുന്നു.




ഇറ്റാലിയൻ ഭാഷയിൽ കൊറോണയെന്നാൽ കിരീടം എന്നാണ് അർഥം. സ്ഥാനചിഹ്നമായ കിരീടം ഒരു ബഹുമതിയാണ്. ബഹുമതികൾ നൽകുന്നത് ആത്മവിശ്വാസമാണ്. അതിനുള്ള ഒരു വഴി പാട്ടുകേൾക്കലുമാണെന്നു പറയാം. കൊറോണപ്പേടി കളയാൻ കൊറോണ ബാൻഡിന്റെ പാട്ടുമാവാം.

## കൊറോണഡാൻസ്

ഇറ്റലിയിലെ പ്രശസ്തമായ യൂറോഡാൻസ് ബാൻഡ് ആണ് കൊറോണ. ബ്രസീലിൽ ജനിച്ച് ഇറ്റലിയിൽ വളർന്ന ഗായികയും മോഡലുമായ ഓൾഗ മരിയ ഡി സൂസയും പ്രൊഡ്യൂസർ ഫ്രാൻസെസ്കോ ബോൺടെംപിയും ചേർന്നു സ്ഥാപിച്ചതാണ് കൊറോണ ബാൻഡ്. ഇറ്റലിയിൽനിന്നു വളർന്ന് ലോകംമുഴുവൻ ആരാധകരെയുണ്ടാക്കി അവർ– ദ റിഥം ഓഫ് ദ നൈറ്റ്, ബേബി ബേബി എന്നീ പാട്ടുകൾകൊണ്ട്!




ഏതാണ്ട് മുപ്പതുവർഷം മുമ്പാണ് ദ റിഥം ഓഫ് ദ നൈറ്റ് എന്ന ആദ്യ സിംഗിൾ കൊറോണ പുറത്തിറക്കിയത്. ഇറ്റലിയിൽ അത് ഇൻസ്റ്റന്റ് ഹിറ്റായി. ജെന്നി ബി എന്നറിയപ്പെട്ട ഗായിക ജിയോവന്ന ബെർസോലയുടെ ശബ്ദത്തിലായിരുന്നു ആ പാട്ട്. തുടർച്ചയായി രണ്ടു മാസമാണ് ഇറ്റാലിയൻ മ്യൂസിക് ചാർട്ടിൽ അത് ഒന്നാം സ്ഥാനത്തു തുടർന്നത്. എന്നാൽ മറ്റെവിടെയും ആ പാട്ട് റിലീസ് ചെയ്തിരുന്നില്ല. തൊട്ടടുത്ത വർഷം അതിന്റെ ഒരു റീമിക്സ് പതിപ്പ് യു.കെയിൽ അവതരിപ്പിച്ചു. ഹിറ്റ് ചാർട്ടിൽ അവിടെ രണ്ടാംസ്ഥാനത്തേക്ക് എത്തുകയും ചെയ്തു. പിറ്റേക്കൊല്ലം അമേരിക്കയിലും സൂപ്പർഹിറ്റായി. റേഡിയോ സ്റ്റേഷനുകളിലും ക്ലബുകളിലും നിരന്തരം ഈ പാ

ട്ടു കേട്ടുതുടങ്ങി. ബിൽബോർഡിന്റെ ഹോട്ട് 100 ലിസ്റ്റിൽ പതിനൊന്നാമതായിരുന്നു സ്ഥാനം. പിന്നീട് കൊറോണയുടെ പ്രഥമ ആൽബത്തിലും ഈ ട്രാക്ക് ഇടംപിടിച്ചു. വെൽഷ് ഗായിക സാൻഡി ചേംബേഴ്സിന്റേതായിരുന്നു ശബ്ദം. പാട്ടിന് ഇന്നും ആരാധകരുണ്ട് എന്നതാണ് എടുത്തുപറയേണ്ട കാര്യം.

1995ൽ കൊറോണ പുറത്തിറക്കിയ ബേബി ബേബി, ട്രൈ മി ഔട്ട് എന്നീ സിംഗിളുകളും സമാനമായ വിജയം നേടി.

## ഓൾഗ ഡി സൂസ

ബ്രസീലിലെ റിയോ ഡി ഷാനിറോയിൽ 1968-ലാണ് ഓൾഗ മരിയ ഡി സൂസ ജനിച്ചത്. പിതാവ് സംഗീതജ്ഞനായിരുന്നു. മാതാവ് പാചക വിദഗ്ധയും. ബാങ്ക് ക്ലർക്കായി ഔദ്യോഗിക ജീവിതമാരംഭിച്ച ഓൾഗ ഏതാനും വർഷങ്ങൾക്കുശേഷം ലോകം ചുറ്റാൻ തീരുമാനിച്ചു. തൊണ്ണൂറുകളുടെ തുടക്കത്തിൽ ഇറ്റലിയിലെത്തി. 93ൽ കൊറോണ ബാൻഡിനു തുടക്കമിടുകയും ചെയ്തു. 2006ൽ ജോൺ പോൾ രണ്ടാമൻ മാർപാപ്പയ്ക്കു സമർപ്പിച്ചു നടത്തിയ ഏയ്ഞ്ചൽ ലൈവ് കൺസെർട്ടിൽ കൊറോണ പങ്കെടുത്തു. ബാൻഡിനൊപ്പം ഒട്ടേറെയിടങ്ങളിൽ ഓൾഗ സഞ്ചരിച്ചു.




കൺസെർട്ടുകളും വേൾഡ് ടൂറുകളും വെറും ഓർമ മാത്രമായ ഈ കാലത്ത് ഈ ബാൻഡുകളെല്ലാം എന്തുചെയ്യുകയാവും? ചിലതെങ്കിലും ഓൺലൈൻ പ്രോഗ്രാമുകളുമായി രംഗത്തുണ്ട്. അവയ്ക്കെല്ലാം കേൾവിക്കാരുമുണ്ടെന്ന് റിപ്പോർട്ടുകൾ പറയുന്നു.

## വാക്സിൻ സോംഗുകളും എത്തി

കോവിഡ് ബോധവത്കരണ പാട്ടുകൾക്കു പിന്നാലെ വാക്സിൻ പാട്ടുകളും എത്തിക്കഴിഞ്ഞു. പ്രമുഖ താരങ്ങളെ അണിനിരത്തി ചെയ്ത വാക്സിൻ ലഗ് വാലേ എന്ന ഹിന്ദി പാട്ടിന് അത്യാവശ്യം നല്ല സ്വീകാര്യതയും ലഭിച്ചിട്ടുണ്ട്.

ഇനി നമുക്കൊരു ദ്വീപിലേക്കു പോകാം. പസിഫിക് സമുദ്രത്തിലുള്ള സ്വതന്ത്ര ദ്വീപ് രാജ്യമാണ് കിരിബാട്ടി. ഒന്നേകാൽ ലക്ഷത്തിനു താഴെയാണ് രാജ്യത്തെ ജനസംഖ്യ. സ്വാഭാവികമായും മത്സ്യബന്ധനം, സ്കൂബാ ഡൈവിംഗ്, വനസമ്പത്ത് എന്നിവയ്ക്കു പ്രശസ്തമാണ് ദ്വീപ് രാജ്യം.

കഴിഞ്ഞവർഷം അവിടത്തെ സർക്കാർ യൂണിസെഫുമായി കൈകോർത്ത് കോവിഡിനെതിരേ ഒരു മഹത്തായ കാര്യം ചെയ്തു. കോവിഡ് എങ്ങനെയെല്ലാം പകരുന്നു, അതിനെ തടയാൻ എന്തെല്ലാം ചെയ്യാനാകും തുടങ്ങിയ കാര്യങ്ങളാണ് പാട്ടിന്റെ വരികളിൽ ഉണ്ടായിരുന്നത്. കുട്ടികളെ കാര്യത്തിന്റെ ഗൗരവം ബോധ്യപ്പെടുത്തുക എന്നതായിരുന്നു ലക്ഷ്യം.

ഒരുപാടു വേദികളിൽ ഈ പാട്ട് തുടർച്ചയായി പ്ലേ ചെയ്തിരുന്നു. വൈകാതെ പാട്ട് വൈറലുമായി. കുട്ടികൾക്ക് ഏറ്റുപാടാൻ വലിയ ഇഷ്ടവുമായി. പാട്ടുകൊണ്ട് എന്താണോ ഉദ്ദേശിച്ചത് അതു നേടാനായി എന്ന് കണക്കുകൾ പറയുകയും ചെയ്യുന്നു.

എന്തായാലും പാട്ടുകേട്ടും പാടിയും സമാധാനമായി ജീവിക്കും, കരുതലോടെ...

●

കഥ



# കുട്ടൻ പിള്ളയുടെ പൂച്ചക്കുട്ടികൾ



എം.ജി.ബിജുകുമാർ, പന്തളം

**മ**ഴ നിറഞ്ഞ ഒരു രാവുമാഞ്ഞ് പുലരിയെത്തുമ്പോൾ മരച്ചില്ലയിൽ ഇരുന്നു പാടുന്ന വണ്ണാത്തിപ്പുള്ളിനെ നോക്കി കുട്ടൻപിള്ള ജനാലക്കരികിൽ ചുമരിൽ ചാരി ഇരിക്കുകയാണ്. മേശപ്പുറത്തിരുന്ന വാരികകൾ എടുത്ത് തിരിച്ചുംമറിച്ചും നോക്കുമ്പോഴും അയാളുടെ മനസ്സ് മറ്റെവിടെയോ ആയിരുന്നു. ഘടികാര സൂചികൾ ചലിച്ചുകൊണ്ടേയിരുന്നു. അടുത്തുള്ള കശുവണ്ടി ഫാക്ടറിയിൽ പത്തുമണി സൈറൻ മുഴങ്ങുമ്പോഴും ഒന്നു തൊടുകപോലും ചെയ്യാതെ രാവിലെ കൊടുത്ത ചായ തണുത്ത് മേശപ്പുറത്തുതന്നെയിരിക്കുന്നുണ്ട്. കഴിഞ്ഞ പകലും രാത്രിയും ഇതേപോലെ ഒന്നിനും ഒരു ഉത്സാഹമില്ലാതെ കഴിച്ചുകൂട്ടുകയാണ് കുട്ടൻ പിള്ള. എഴുപതാം വയസ്സിലും ഉന്മേഷവാനായിരുന്ന അയാൾക്ക് ഒരു പകലും ഒരു രാത്രിയും കൊണ്ട് എന്താണ് സംഭവിച്ചത് ? നൂല് പൊട്ടിയ പട്ടം പോലെ മനസ്സ് ഇങ്ങനെ പറക്കാൻ കാരണം എന്താണ് ?

'ഗോപൻ എപ്പോൾ വരുമെന്ന് എന്ന് ഒന്ന് വിളിച്ചു ചോദിക്കെടീ സാവിത്രീ..'

കുട്ടൻപിള്ള ഭാര്യയോട് വിളിച്ചുപറഞ്ഞു.

' അവൻ വണ്ടി സർവീസ് ചെയ്യാനോ മറ്റോ കൊണ്ടുപോയതാണ്. വൈകുന്നേരമേ തിരിച്ചു വരികയുള്ളൂന്ന് പറഞ്ഞിരുന്നു. പൂച്ചക്കുട്ടികളെ തിരിച്ചുകൊണ്ടുവരാനാണ് അന്വേഷണമെങ്കിൽ അത് നടക്കില്ല.. പറഞ്ഞേക്കാം '

സാവിത്രിയമ്മയുടെ നീരസത്തോടെയുള്ള മറുപടി കേട്ട് കുട്ടൻപിള്ളയുടെ മുഖം ഒന്നുകൂടി മ്ലാനമായി.

അയാൾ ജനാലയിലൂടെ വെളിയിലേക്ക് നോക്കിയിരുന്നു.. ഇടയ്ക്ക്

വീടിന്റെ മച്ചിനു മുകളിൽ എന്തെങ്കിലും അനക്കം കേൾക്കുന്നുണ്ടോയെന്ന് അയാൾ വെറുതെ കാതോർത്തു. യാതൊരു അനക്കവും ഇല്ലെന്ന് മനസ്സിലാക്കി വീണ്ടും ജനാലയിലൂടെ വിദൂരതയിലേക്ക് കണ്ണും നട്ടിരുപ്പായി.

കുട്ടൻ പിള്ളയുടെ വീട്ടിൽ മൂന്നു പൂച്ചകൾ ഉണ്ടായിരുന്നു. അവയ്ക്ക് ഭക്ഷണമൊക്കെ കൊടുത്ത് ഓമനിച്ചായിരുന്നു അയാൾ അവയെ വളർത്തിയത്.

പക്ഷേ വീട്ടിൽ എല്ലാം ഓടി നടന്നു അടുക്കളയിൽ വരെ കയറി കിട്ടുന്നതെല്ലാം തിന്നാൻ ശ്രമിക്കുന്നത് സാവിത്രിയമ്മയ്ക്ക് ഒട്ടും ഇഷ്ടമായിരുന്നില്ല. രാത്രിയിൽ മച്ചിനു മുകളിൽ കിടന്ന് കടിപിടികൂടി ബഹളമുണ്ടാക്കുന്ന ഇവറ്റകളെ എവിടെയെങ്കിലും കൊ

ണ്ടുക്കളയാൻ മരുമകനായ ഗോപനോട് പലതവണ പറയുകയും ചെയ്തിട്ടുണ്ട്. ഇവ അയൽവീടുകളിലൊക്കെ പോയി ശല്യം ഉണ്ടാക്കുന്നുവെന്ന പരാതികൾ ദിവസേന സമീപവാസികൾ പറഞ്ഞപ്പോഴും പൂച്ചകളെ ഉപേക്ഷിക്കാൻ കുട്ടൻപിള്ള തയ്യാറായില്ല.

അങ്ങനെയിരിക്കെയാണ് ഒരു ദിവസം അയൽവാസിയായ കൃഷ്ണക്കുറുപ്പ് രാവിലെ വീട്ടിൽ എത്തി പരാതി ബോധിപ്പിച്ചത്.

' നിങ്ങടെ ഒരു പൂച്ച ഞങ്ങടെ കിണറ്റിൽ ചത്തു കിടക്കുന്നു, പൂച്ചയെ നാട്ടുകാർക്ക് ശല്യത്തിനാണോ വളർത്തുന്നത് ?'

കുറുപ്പ് കയർത്ത് സംസാരിച്ചിട്ടും കുട്ടൻപിള്ള അക്ഷോഭ്യനായി മുഖം കുനിച്ചിരുന്നു.

ഗോപൻ കിണറു വറ്റിക്കുന്നവരെ വിളിച്ച് പൂച്ചയെ എടുക്കുകയും കൃഷ്ണക്കുറുപ്പിന്റെ കിണറ്റിലെ വെള്ളം വറ്റിച്ച് കിണർ വൃത്തിയാക്കി കൊടുക്കുകയും ചെയ്തപ്പോൾ അതിന്റെ പണവും കുട്ടൻപിള്ളയാണ് കൊടുത്തത്. എന്നിട്ടും പൂച്ചകളെ ഉപേക്ഷിക്കാൻ തയ്യാറാവാതെ അവയെ ലാളിച്ചു അയാൾ ദിവസങ്ങൾ തള്ളിനീക്കി.

അതിലൊരു ചക്കി പൂച്ച പ്രസവിച്ചു മൂന്ന് കുഞ്ഞുങ്ങൾ കൂടിയായപ്പോൾ കുട്ടൻ പിള്ളയ്ക്ക് സന്തോഷമായി. പക്ഷേ സാവിത്രിയമ്മയാകട്ടെ ഇവറ്റകളെ എവിടെയെങ്കിലും കൊണ്ടു കളഞ്ഞേ മതിയാവു എന്ന തീരുമാനത്തിൽ ഉറച്ചു നിന്നു.

'നാല് കോഴികളെ വാങ്ങി വളർത്തരുതോ മനുഷ്യാ, ഒന്നുമല്ലെങ്കിലും വല്ലപ്പോഴും ഒന്നുരണ്ടു മുട്ട എങ്കിലും കിട്ടും '

സാവിത്രിയമ്മയുടെ ഇത്തരം സംസാരത്തിന് മറുപടി പറയാതെ കുട്ടൻപിള്ള കേൾക്കാത്ത ഭാവത്തിൽ ഇരിക്കുകയാണ് പതിവ്.

പൂച്ചക്കുഞ്ഞുങ്ങൾ അൽപസ്വൽപം വളർന്നപ്പോൾ വീടിനുള്ളിൽ അവരുടെ ബഹളവും വർദ്ധിച്ചു. മകൾ പ്രിയയ്ക്കും പൂച്ചകളുടെ ബഹളം ശല്യമായിത്തുടങ്ങിയെങ്കിലും അച്ഛനോടതു പറയാൻ അവൾക്ക് മടിയായിരുന്നു. മൃഗ വകുപ്പിൽ ലാസ്റ്റ് ഗ്രേഡ് സെർവൻറായിരുന്ന കുട്ടൻപിള്ള വിരമിച്ച ശേഷം സമയം പോക്കിനായി ഒരു പശുവിനെ വളർത്തിയിരുന്നതാണ്. വൈക്കോലിട്ടു കൊടുക്കാൻ ചെന്ന തന്നെ ആ പശു കുത്തിയതിനാൽ സാവിത്രിയമ്മ അതിനെ വിൽക്കുകയാണുണ്ടായത്. അതിനെ തീറ്റുന്നതും കുളിപ്പിക്കുന്നതും പുല്ലു പറിച്ചു കൊടുക്കുന്നതുമെല്ലാം അച്ഛനായിരുന്നു ചെയ്തിരുന്നതെന്നും പശുവിനെ വിറ്റതിനു ശേഷമാണ് അച്ഛന്റെ ചങ്ങാത്തം പൂച്ചകളുമായിട്ടായത് എന്നും പ്രിയ ഓർത്തു.

പൂച്ചകളെ വീട്ടിൽനിന്നും നാടുകടത്തിയേ പറ്റൂ എന്ന ദൃഢമായ തീരുമാനത്തിലെത്താൻ സാവിത്രിയമ്മയെ പ്രേരിപ്പിച്ചത് ഒരു പൂച്ച സരസ്വതിയമ്മയുടെ കിണറ്റിൽ വീണു ചത്തപ്പോഴാണ്. കുട്ടൻപിള്ളയുടെ മുന്നിൽ നീറുപോലെ നിൽക്കുമെങ്കിലും സരസ്വതിയമ്മയുടെ നാക്കിനു മുന്നിൽ പിടിച്ചു നിൽക്കാനുള്ള ശക്തിയില്ലാത്തതിനാൽ അവർ പറഞ്ഞതെല്ലാം കേട്ട് മുഖം കുനിച്ചു നില്ക്കാനേ സാവിത്രിക്ക് കഴിഞ്ഞുള്ളൂ. നേരം വെളുത്തപ്പോൾ തന്നെ ശകാരം കേട്ട് അപമാനഭാരത്താൽ കുനിഞ്ഞ ആ മുഖത്ത് ഒരു ദൃഢനിശ്ചയമെടുക്കാൻ പോകുകയാണെ ഭാവം നിഴലിച്ചതായി ഇതൊക്കെ വീക്ഷിച്ചു കൊണ്ടിരുന്ന പ്രിയയ്ക്ക് തോന്നി. അന്നും അവരുടെ കിണർ വൃത്തിയാക്കി കൊടുക്കേണ്ടിവന്നതിന് കുട്ടൻപിള്ള പൈസ കൊടുത്തെങ്കിലും അതിൽ ഒതുങ്ങുന്ന കാര്യങ്ങളായിരുന്നില്ല പിന്നീട് നടന്നത്. ഒരു വലിയ ഫേസ് ബോർഡ് കവറിനുള്ളിൽ മൂന്നു പൂച്ചക്കുഞ്ഞുങ്ങളെയും തള്ളപ്പൂച്ചയെയും പിടിച്ചിട്ട് അടച്ച് സാവിത്രിയമ്മ ഗോപന്റെ കയ്യിൽ കൊടുത്തു.

' ജോലിക്ക് പോകുന്നവഴിയിൽ എവിടെയെങ്കിലും ഇവറ്റകളെ ഉപേക്ഷിച്ചേക്കണം'

അവനതും വാങ്ങിയിറങ്ങുമ്പോൾ താൻ ജോലിചെയ്യുന്ന പ്രസ്സിന് എതിർവശത്തുള്ള ഫാമിൽ തുറന്നു വിടാമെന്ന് മനസ്സിലുറപ്പിച്ചിരുന്നു.

അവിടെ പകൽ ജോലിക്കാരൊക്കെ ഉള്ളതിനാൽ അതിനുള്ളിലേക്ക് കയറാൻ കഴിയാത്തതുകൊണ്ട് കവർ പ്രസ്സിന്റെയുള്ളിൽ തന്നെ സൂക്ഷിച്ചു.

ജോലി കഴിഞ്ഞ് വീട്ടിലേക്ക് വരും നേരം ഇരുൾ പരത്തുന്ന സന്ധ്യയിൽ മാനത്തോളം ഉയർന്നു നിൽക്കുന്ന മരങ്ങളും പേടിപ്പെടുത്തുന്ന കുറ്റിക്കാടുമൊക്കെയുള്ള ഫാമിന്റെ മതിൽ ചാടിക്കടന്ന് ഗോപൻ പൂച്ചകളെ അവിടെ തുറന്നു വിട്ടു.

ആ പകൽ കുട്ടൻപിള്ളയ്ക്ക് വളരെ വ്യസനമാണ് സമ്മാനിച്ചത്. തൻറെ പൂച്ചക്കുട്ടികളെ നഷ്ടപ്പെട്ടപ്പോൾ തന്റെ ശരീരത്തിലെ അവയവം നഷ്ടപ്പെടുന്ന മാനസികാവസ്ഥയിലായിരുന്ന. അയാൾക്ക് ആഹാരം പോലും കഴിക്കാൻ കഴിഞ്ഞില്ല. അത്താഴം കഴിക്കാതെ കിടക്കയിൽ തിരിഞ്ഞും മറിഞ്ഞും കിടക്കുമ്പോൾ നാരകമുള്ളുപോലെ പൂച്ചകളുടെ

കരച്ചിൽ അയാളുടെ മനസ്സിനെ വേദനപ്പെടുത്തി. ജനലും വാതിലുമൊക്കെ അടച്ച് ഏണിയെടുത്ത് മച്ചിനു മുകളിലേക്ക് കയറാനും, പൂച്ചകൾ കിടക്കുമായിരുന്നിടത്തേക്ക് കയറിക്കിടക്കാനും അയാൾക്ക് തോന്നി.

തുറന്നു വെച്ചിരുന്ന ഒരു വാരിക എടുത്ത് മുഖത്ത് വെച്ച് കൊണ്ടയാൾ നേരം വെളുപ്പിച്ചു. ഉറക്കം ഇല്ലാതിരുന്നിട്ടും രാവിലെ പത്തുമണി കഴിഞ്ഞിട്ടും ഒന്നും കഴിക്കാനോ കുടിക്കാനോ കുട്ടൻ പിള്ളക്ക് കഴിഞ്ഞില്ല.ഒരക്ഷരം പോലും വിടാതെ പരസ്യം ഉൾപ്പെടെ പത്രം മുഴുവൻ വായിച്ചു തീർക്കുന്ന അയാൾ ഇന്നതിനു മെനക്കെട്ടില്ല. ഉപേക്ഷിക്കപ്പെട്ട നിലയിൽ പത്രം മടക്കു പോലും നിവർത്താതെ വരാന്തയിൽ കിടപ്പുണ്ടായിരുന്നു.

അയാൾ മെല്ലെ ഇറങ്ങി നടന്ന് ക്ഷേത്രക്കുളത്തിൽ മുങ്ങിക്കുളിച്ച് മതിൽക്കെട്ടിന് വെളിയിലെ ആൽ മരച്ചുവട്ടിലെ കൽക്കെട്ടിലിരുന്നു. ക്ഷേത്രക്കളത്തിൽ നിന്നു വീശിയ തണുത്ത കാറ്റിന് അയാളുടെ ഉള്ള് തണുപ്പിക്കാൻ കഴിഞ്ഞില്ല.സൂര്യന്റെ നിഴലുകൾക്ക് നീളം കുറഞ്ഞു വന്നു. അപ്പോഴും ആകാശത്തിന് നെറുകയിലൂടെ സഞ്ചരിക്കുന്ന മേഘങ്ങളിൽ കണ്ണും നട്ട് അയാൾ അവിടെത്തന്നെ ഇരിക്കുകയായിരുന്നു. മുഖത്ത് ചുളിവുകൾ വീഴ്ത്തിക്കൊണ്ട് ചിന്തകൾ സഞ്ചരിച്ചുകൊണ്ടേയിരുന്നു

ഗോപൻ വന്നതിനുശേഷം വേണം പൂച്ചകളെ എവിടെ ഉപേക്ഷിച്ചുവെന്ന് ചോദിച്ചറിയാനെന്ന് മനസ്സിലുറപ്പിച്ച് അയാൾ വീട്ടിലേക്ക് നടന്നു. രണ്ടുദിവസമായി ജലപാനം പോലും ചെയ്യാതെയുള്ള ഉള്ള അച്ഛന്റെ നടപ്പ് പ്രിയയിൽ സങ്കോചം ഉണ്ടാക്കി. വിശപ്പും ദാഹവും അന്യമാകുന്ന അവസ്ഥയിലൂടെ കുട്ടൻപിള്ള കടന്നു പൊയ്ക്കോണ്ടിരുന്നു

പൂച്ചയെ ഉപേക്ഷിച്ചാൽ ഇത്രയും പ്രശ്നമാകും എന്നാരും കരുതിയില്ല.

'ഇതിപ്പോൾ കുട്ടികളുടെ സ്വഭാവരീതികൾ പോലെ ആയല്ലോ ഈ മനുഷ്യന്, ഇവിടുത്തെ ശല്യം കൂടാതെ നാട്ടുകാരുടെ വായിലിരിക്കുന്നത് കൂടി കേൾക്കാൻ എനിക്ക് വയ്യ. കൊണ്ടു കളഞ്ഞത് കാര്യമായി '

സാവിത്രിയമ്മ ഉറക്കെ പറഞ്ഞു.

ഉന്മേഷവാനായിരുന്ന അച്ഛന്റെ പെട്ടെന്നുള്ള മാറ്റം പ്രിയയെ വിഷമത്തിലാക്കി. പൂച്ചകളെ തിരിച്ചു കൊണ്ടു വരണമെന്ന് ഗോപേട്ടനോട് വിളിച്ചുപറയാൻ അവൾ അമ്മയെ നിർബന്ധിച്ചു കൊണ്ടേയിരുന്നു. പക്ഷേ സാവിത്രിയമ്മ ആദ്യമൊന്നും അതിന് തയ്യാറായില്ല. ഉച്ചയ്ക്കും ആഹാരം കഴിക്കാതെ ചാരുകസേരയിൽ തുറന്ന പുസ്തകം കൊണ്ട് മുഖം മറച്ചു കിടന്ന കുട്ടൻപിള്ളയെ കണ്ടപ്പോൾ സാവിത്രിയമ്മയുടെ മനസ്സ് ഒന്നയഞ്ഞു. താനെന്തു പറഞ്ഞാലും എതിർക്കാതെ അക്ഷോഭ്യനായി നിലകൊള്ളുന്ന തൻറെ ഭർത്താവിൻറെ മനസ്സ് പൂച്ചകളെ നഷ്ടപ്പെട്ടതിൽ വളരെയേറെ വേദനിക്കുന്നുണ്ടെന്ന് സാവിത്രിയമ്മയ്ക്ക് മനസ്സിലായി. വൈകിട്ട് ചായ ഇടുമ്പോൾ ചീനി വറുത്തതും തിന്ന് അടുക്കളയിലിരുന്ന് പ്രിയ അമ്മയോട് പറഞ്ഞു ,

'അമ്മേ മനുക്കുട്ടൻ വിളിച്ചിരുന്നു അവനോട് പറഞ്ഞപ്പോൾ പൂച്ചകളെ തിരിച്ചുകൊണ്ടുവരണം എന്നാണവനും പറയുന്നത് '.

ബോർഡിങ്ങിൽ പ്ളസ് വണ്ണിനു പഠിക്കുന്ന പ്രിയയുടെ മകനാണ് അനു. അവന് അപ്പൂപ്പനോടാണ് വീട്ടിൽ മറ്റുള്ളവരോടുള്ളതിനേക്കാൾ സ്നേഹം. അപ്പൂപ്പന്റെ വിരൽ തുമ്പു പിടിച്ചാണവൻ വളർന്നത്.

അതുകൂടി കേട്ടപ്പോൾ സാവിത്രി അമ്മയുടെ മനസിൽ ഒരു ചെറിയ ചാഞ്ചാട്ടം ഉണ്ടായി.

'അമ്മേ ഗോപേട്ടനെ വിളിച്ചു പറയ് വരുമ്പോള് പൂച്ചകളെ കൂടി പിടിച്ചു കൊണ്ടു വരാൻ ' മകൾ പറഞ്ഞതു കേട്ടപ്പോൾ

'ഇനിയും നാട്ടുകാരുടെ ചീത്ത കേൾക്കേണ്ടി വന്നാലോ? ഇങ്ങേരുടെ ഇരുപ്പ് കണ്ടിട്ട് തിരിച്ചുകൊണ്ടുവരാൻ പറയാതിരിക്കാനും തോന്നുന്നില്ല' എന്ന് മറുപടി പറഞ്ഞെങ്കിലും സാവിത്രിയമ്മ വിഷമവൃത്തത്തിലായി.

'പ്രിയ ഗ്ലാസ്സിലേക്ക് ചായ പകർന്നെടുത്തു.

'ഇനിയങ്ങനെയൊന്നും ഉണ്ടാകാതെ അച്ഛൻ ശ്രദ്ധിച്ചോളും'

വീണ്ടും അമ്മയുടെ മനസ്സുമാറ്റാൻ പ്രിയ ശ്രമിച്ചു .

' എന്നാൽ പിന്നെ അങ്ങനെയാകട്ടെ അവനെയൊന്ന് വിളിച്ചിട്ട് ഫോൺ ഇങ്ങു താ, ഞാൻ പറയാം, '

അമ്മ പറയുന്നത് കേട്ട് പ്രിയ ഫോണിൽ നമ്പർ ഡയൽ ചെയ്യാനെടുക്കുമ്പോഴേക്കും ഗോപൻ തന്റെ കാറിൽ വീട്ടുമുറ്റത്തെത്തിയിരുന്നു. വീട്ടിലേക്ക് കയറിയ ഗോപന് പ്രിയ ചായയെടുത്തു കൊടുക്കുമ്പോൾ സാവിത്രിയമ്മ അവനോടു പറഞ്ഞു.

' ഇവിടെ ഈ മനുഷ്യന്റെ മൂകത കണ്ടി

രിക്കാൻ വയ്യ, ആഹാരവുമില്ല ജലപാനവുമില്ല, നീയാ പൂച്ചകളെ ഇങ്ങ് തിരിച്ചെടുത്തു കൊണ്ടു പോര് ,വരുന്നപോലെ വരട്ടെ' ഇങ്ങനെയൊന്നുമായിരുന്നില്ലല്ലോ കഴിഞ്ഞദിവസത്തെ അമ്മയുടെ പെർഫോമൻസ് എന്ന ഓർത്ത് അവൻ മനസ്സിൽ ചിരിച്ചു. ഇതുകേട്ടയുടനെ വിശപ്പും ദാഹവും അന്യമാകുന്ന ഏതോ അവസ്ഥയിലൂടെയാണ് താൻ പൊയ്ക്കൊണ്ടിരിക്കുന്നതെന്നറിയാതെ വരാന്തയിലെ ചൂരൽക്കസേരയിൽ പ്രതിമ കണക്കേയിരുന്ന കുട്ടൻപിള്ള പെട്ടെന്നെഴുന്നേറ്റു.

'എന്നാൽ വാ ഞാനും വരാം നമുക്കു പോയി വേഗം അതിങ്ങളെയിങ്ങ് എടുത്തോണ്ട് വരാം'

അച്ഛൻറെ പറച്ചിൽ കേട്ട് പ്രിയക്ക് ചിരി വന്നു, ഗോപനും.

'ഇപ്പോൾ പോയി എടുക്കാൻ

പറ്റില്ല, ഫാമിനുള്ളിലാണ് അവയെ തുറന്നു വിട്ടത്. അതിനുള്ളിൽ കയറണേൽ സന്ധ്യ കഴിയണം.'

ഗോപൻ പറഞ്ഞത് കേട്ടപ്പോൾ നിരാശയോടെ കുട്ടൻപിള്ള മുറിയിലേക്ക് പോയി.സന്ധ്യയാവുന്നതും കാത്ത് അയാൾ ചായംപൂശിയ ചുവരിൽ ചാരി ഇരുന്നു. 'തിരിച്ചെടുക്കാൻ ചെല്ലുമ്പോഴേക്കും അവറ്റകൾ അവിടെ കാണുമോ? ഇല്ലെങ്കിൽ.. '?

അതോർത്തപ്പോൾ കുട്ടൻപിള്ളയുടെ നെഞ്ച് ഒന്നു പിടഞ്ഞു. തുടർന്നുള്ള ഓരോ നിമിഷങ്ങളും ഓരോ മണിക്കൂറുകളായണ് അയാൾക്ക് തോന്നിയത്.

ശുഭപ്രതീക്ഷയോടെ നേരം ഇരുട്ടുന്നതും കാത്ത് അയാളിരുന്നു.

സന്ധ്യയ്ക്ക് പ്രിയ വിളക്ക് വയ്ക്കാൻ വരാന്തയിൽ എത്തിയപ്പോൾ ഇരുൾ പരക്കുന്നതും കാത്ത് കയ്യിൽ ഒരു ചെറിയ ചാക്കും ഒരു ടോർച്ചുമായി കുട്ടൻപിള്ള മുറ്റത്തുലാത്തുന്നുണ്ടായിരുന്നു.

ഇരുട്ടു പരന്നപ്പോൾ ഗോപൻ പൂച്ചകളെ എടുക്കാനായി പോകാൻ വണ്ടി എടുത്തു.

'ഞാനും വരാം...' എന്നു പറഞ്ഞു കുട്ടൻപിള്ള ബൈക്കിന് അടുത്തേക്കു നടന്നു
.

വേണ്ട എന്നു പറയണമെന്നുണ്ടായിരുന്നെങ്കിലും അയാളിലെ ആകാംഷ മനസ്സിലാക്കിയതിനാൽ ഗോപൻ എതിർപ്പ് പറഞ്ഞില്ല. ബൈക്കിൽ സഞ്ചരിക്കുമ്പോഴും പിന്നിലിരുന്ന് കുട്ടൻപിള്ളയുടെ മനസ്സ് അതിലേറെ വേഗത്തിൽ സഞ്ചരിക്കുകയായിരുന്നു. അവിടെ എത്തും വരെ ഇടയ്ക്കിടയ്ക്ക് 'കുറച്ചുകൂടി വേഗം പോ' എന്ന് അയാൾ പറയുന്നുണ്ടായിരുന്നു. ഫാമിന്റെ പിന്നിലെത്തി ബൈക്ക് വെച്ചതിനുശേഷം ഗോപൻ ചുറ്റുപാടും നോക്കി. വല്ലവരും കണ്ടാൽ മോഷണത്തിനു വന്നവരെന്നേ കരുതുകയുള്ളു എന്നവൻ മനസ്സിലോർത്തുകൊണ്ട് പറഞ്ഞു,

'ആ ടോർച്ചും ചാക്കും ഇങ്ങു താ ഞാൻ പോയിട്ട് വരാം '

"ഞാനും വരാം ഇവിടെ കാത്തു നിൽക്കാൻ എനിക്ക് പറ്റുമെന്ന് തോന്നുന്നില്ല, വേഗം അവയെ കണ്ടെത്തണം.'

അയാളുടെ മറുപടി കേട്ടപ്പോൾ ഗോപന് തടയാൻ തോന്നിയില്ല. മതിലിൽ കയറി അപ്പുറത്തേക്ക് ചാടാൻ ഗോപൻ അയാളെ സഹായിച്ചു. രണ്ടുപേരുംകൂടി അതിനുള്ളിലെ കാട് നിറഞ്ഞ ഭാഗത്തേക്ക് നടന്നു. അവിടെയൊക്കെ ടോർച്ചടിച്ചു നോക്കിയെങ്കിലും പൂച്ചകളെ കണ്ടെത്താനായില്ല.

അപ്പോൾ കുട്ടൻപിള്ള പല്ലുകൾ ചേർത്തുവെച്ച് നാക്ക് ഉപയോഗിച്ച് ഒരു പ്രത്യേക ശബ്ദം പുറപ്പെടുവിച്ചു. അങ്ങനെ രണ്ടു മൂന്നു പ്രാവശ്യം ആയപ്പോഴേക്കും പൂച്ചക്കുട്ടികളും തള്ളപ്പൂച്ചയും അവിടേക്ക് ഓടിവന്നു. കുട്ടൻപിള്ളയുടെ കാലിൽ ദേഹം ഉരസി നിൽപ്പായി. അയാൾ തന്റെ കയ്യിലിരുന്ന ചാക്കിൽ നിന്നും ഒരു പ്ലാസ്റ്റിക് കവർ പുറത്തെടുത്തു. അതിൽനിന്നും നിന്നും ചെറിയ മത്തികളെടുത്ത് അവയ്ക്ക് മുന്നിലേക്കിട്ടുകൊടുത്തു. ടോർച്ച് വെട്ടത്തിൽ അതു തിന്നുന്നത് നോക്കിനിന്നപ്പോൾ കുട്ടൻപിള്ളയുടെ മുഖം വിടർന്നു.ഗോപനതെല്ലാം അത്ഭുതത്തോടെ നോക്കി നിന്നു.

' വേഗം പോകാം ' അയാൾ ഗോപനോട് പറഞ്ഞു.

മതിൽ ചാടി ബൈക്കിൽ സഞ്ചരിക്കുമ്പോൾ 'കുട്ടൻപിള്ള ഒരു അത്ഭുത പ്രതിഭാസം തന്നെ ' എന്നു ഗോപൻ മനസ്സിൽ പറഞ്ഞു. വീട്ടിലെത്തി പൂച്ചകളെ സ്വതന്ത്രമാക്കാൻ വെമ്പുന്ന കുട്ടൻപിള്ളയുടെ മനസ്സ് ബൈക്കിനെക്കാൾ വേഗത്തിൽ പായുകയായിരുന്നു. അപ്പോഴും കുട്ടൻപിള്ള പൂച്ചകളെ വിളിക്കാൻ പുറപ്പെടുവിച്ച പ്രത്യേക ശബ്ദം ഗോപന്റെ ചെവിയിൽ മുഴങ്ങുന്നുണ്ടായിരുന്നു.

●



# കാലവും പ്രണയവും

**അ**വളുടെ പ്രണയത്തെ മാനിക്കാതെ വീട്ടുകാർ വേറെ വിവാഹാലോചന നടത്തി. അതറിഞ്ഞപ്പോൾ അവളോട് കാമുകൻ പറഞ്ഞു:

‘ നീയില്ലാതെ ജീവിക്കുക എന്നത് എനിക്കു ചിന്തിക്കാൻപോലുമാവില്ല. ഞാൻ ചത്തുകളയും’

‘ പിന്നെ ഞാൻ മാത്രം ജീവിച്ചിരിക്കുമെന്ന് കരുതുന്നുണ്ടോ? ’ അവൾ പ്രതിവചിച്ചു.

‘ എങ്കിൽ നമുക്ക് ഒരുമിച്ച് മരിക്കാം’

‘ അതുവേണ്ട. നീ പറഞ്ഞത് സത്യമാണെന്ന് ആദ്യം തെളിയിക്ക് ’

‘ എന്നെ സംശയിക്കുന്ന നീ ഞാൻ ചത്താൽ എന്നെ പിന്തുടരുമോ എന്ന് എനിക്കും സംശയിക്കാമല്ലോ ’

പണ്ടത്തെ കാലമല്ലിത്. പണ്ടത്തെ പ്രണയവുമല്ലല്ലോ.



ഉണ്ണി വാരിയത്ത്


കവിതാ പുസ്തകം





ഷീജ പള്ളത്ത്

# ചിതയൊരുക്കം

ചിന്തകളിൽ പോലും
മരിച്ച ഒരുവളെ
നിസ്സംഗതയുടെ
വെള്ളപുതപ്പിച്ച്
തണുത്ത തറയിലേക്ക്
ഇറക്കിക്കിടത്തി.
രണ്ടായിപകുത്തത്തിൽ,
അണയാതൊരു തിരി
ശിരസ്സിന് മുകളിൽ
ആടിയും ഉലഞ്ഞും
കത്തിനിന്നു.
ചുറ്റുമിരുന്ന് പതം
പറഞ്ഞുകരഞ്ഞത്
ഒന്നായ്ക്കണ്ട
സ്വപ്നങ്ങളായിരുന്നു.
വായ്ക്കരിയിടാൻ
ഓർമ്മകളുടെ
ഒരുപൂവും
ഇനിയവശേഷിക്കുന്നില്ലെന്ന്
ഒരു കണ്ണീർ മഴകൊണ്ട്
തീർത്ഥം തളിച്ച്
ഒന്നുമില്ലെന്ന്
മണ്ണോടലിയാൻ
തീരാവ്യഥകളുടെ
ചിതയിലേക്കവൾ
കയറിക്കിടന്നു.



# ഉറങ്ങാത്ത മനസ്സ്



കയ്യുമ്മു കോട്ടപ്പടി

നീയുറങ്ങുമ്പോൾ
എനിക്കുറങ്ങാനേ
കഴിയുമായിരുന്നില്ല.!
കിനാവുകൾക്കിടയി -
ലൂടെ .....
വെറുതെ മയക്കം
നടിച്ചല്ലാതെ........
പിന്നെപ്പോഴൊ
ഓരോ ഓരങ്ങളി
ലേക്കും എന്നെയവൻ
കീറി മുറിപ്പെടുത്തി -
ക്കൊണ്ടിരുന്ന,
ഇന്ന്, ഓരോ തീരുമാന
ങ്ങളുമായി
രാപ്പകലുകൾ കടന്നു
പോകുമ്പോഴും
സ്വഭാവ രീതികൾ എന്റെ നിഗൂഢത -
യിലൂടെ ഒലിച്ചിറങ്ങു -
കയാണ്.....

ചിന്തയിൽ ചോര തൂ -
വുമ്പോഴും,
ചിലന്തിയായി എന്നെ
പൊതിയുമ്പോഴും
നിന്റെ സ്വഭാവം
എന്നെ വൃണപ്പെടു
ത്തിക്കൊണ്ടിരുന്നു.
എന്നിട്ടും .....

ഒന്നും ഉപേക്ഷിച്ചു
കളയാതെ ഈ മനസ്സിൽ സൂക്ഷിച്ചു.
മയിൽപ്പീലി പോലെ
കാത്തുവെച്ചു.
ഇന്നിപ്പോൾ.......
വെയിൽ വീഴാത്തൊ
രിടത്ത് .....
മഴയേല്ക്കാത്തൊ-
രിടത്ത് .....
ക്ഷീണ മേല്ക്കാത്തൊ
രിടത്ത് ......
ഉറങ്ങാത്ത രണ്ടു
മനസ്സുകൾ .....
നിന്റെ സ്വഭാവം
പോലെയല്ലായിരുന്നു,
എന്റെ മനസ്സ്!
ഉറങ്ങാത്ത എന്റെ
മനസ്സ്!

# അമ്മയാകുമ്പോൾ



അമ്മയാകുമ്പോൾ
മധുരമൊട്ടുമില്ലെങ്കിലും
പതിവുപോലെ
ചായ പിണങ്ങാറില്ല..
മക്കൾക്കുള്ള
ഓരോ ഗ്ലാസിലും
പശുവിനെത്തന്നെ
ഇറക്കി വെക്കുമ്പോഴും
ബാക്കിയാവുന്ന
കട്ടൻ ചായയിൽ
ഒരിറ്റ് പരാതിയുമിറ്റിക്കാറില്ല..
വീടിനെത്തന്നെ
വീശിയുറക്കുമ്പോൾ
സ്വയമുരുകിയൊരു
ചുടു പുഴയാകുമെങ്കിലും
വഴി തെറ്റി വരുന്നൊരു
മന്ദമാരുതനെപ്പോലും
പ്രണയിക്കാറില്ല..
തികയാതെ വരുന്ന
മക്കളുടെ ഉറക്കത്തിലേക്കായ്
ഓരോ ദിനവും ദാനമായേകുന്ന
ഉറക്കങ്ങളെല്ലാം കൂടി
രാത്രികളെ കൊന്ന്
പകലുകളായ് പുനർജനിക്കും..
ആർത്തി പിടിച്ചു തിന്ന്
ഒടുവിൽ ബാക്കിയായ രണ്ടു വറ്റുകൾ
വിശന്നിട്ടും അമ്മയോട്
പരിതപിക്കാറില്ല..
അമ്മയാകുമ്പോൾ
ആഗ്രഹങ്ങൾ
പിച്ചവെക്കാറില്ല...
ദു:ഖങ്ങൾ വീടുവിട്ട്
പുറത്തിറങ്ങാറില്ല..
സന്തോഷങ്ങൾ
ഓടിക്കളിക്കാറുമില്ല..
അമ്മയുടെ നാട്ടിൽ
എപ്പോഴുമൊരേ
കാലാവസ്ഥയായിരിക്കും..
അവിടെ കാലവർഷം
കലിതുള്ളാറില്ല
വേനൽ ചുട്ടുപൊള്ളിക്കാറില്ല..
ശൈത്യം മൂടിപ്പുതക്കാറുമില്ല..



– സെയ്തലവി വിളയൂർ

# നിഴൽ

വെളിച്ചപ്പെടുന്നവന്റെ
പ്രതിബിംബമാണ് നിഴൽ....

ആ നിഴലിന് പ്രകാശത്തിന്റെ
സമ്പന്നതയിൽ മിഴിവേറുമെങ്കിലും
ഇരുട്ടെന്ന സത്യത്തെ സ്വീകരിക്കേണ്ടതില്ല !

ഒരു ഇരുൾചിത്രമായ് എന്നെയും
പകർത്തുമെങ്കിലും തീ ചുവക്കുന്ന
നെഞ്ചിലെ കനൽ പകുത്തെടുക്കാനാവില്ല

കണ്ണിമകളെ വരച്ചെടുക്കുമെങ്കിലും
ഉള്ളിലൂറുന്ന കണ്ണുനീരതിൽ പടരില്ല !

ലിപിയൊഴിഞ്ഞ നാവിന്റെ
പ്രതീകമാണ് നിഴൽ....

ആ നിഴലിന് വിത്തും പതിരും തിരഞ്ഞ്
ചോദ്യങ്ങൾക്കുത്തരം നൽകേണ്ടതില്ല

യാഥാർത്ഥ്യങ്ങളുടെ ജീവിതച്ചൂടിൽ
ഞാനുരുകിയൊലിക്കുമെങ്കിലും
എനിക്കൊപ്പം തെല്ലും വിയർപ്പൊഴുക്കേണ്ടതുമില്ല !

നീട്ടിയും കുറുക്കിയും എന്റെ
ചിത്രങ്ങളൊപ്പിയാലും
അതിനുള്ളിലെ മോഹത്തുടിപ്പുകളെ
പരാവർത്തനം ചെയ്യാനാവില്ലൊരിക്കലും

എന്നോടൊപ്പം ചുംബനമേറ്റു
വാങ്ങിയാലും പ്രണയത്തിന്റെ
ഊഷ്മളത ചുണ്ടിലമരില്ല !

എന്തെന്നാൽ നിഴൽ എന്നത്
ഉടലുകളുടെ വെറും
അടയാളപ്പെടുത്തലുകൾ മാത്രമാണ്.....



ദിവ്യ എച്ച്.

# ചികിത്സ



വിനോദ്.വി.ദേവ്.

നിശബ്ദവും ഹരിതവുമായ
ഒരു പുൽമേടിൽവച്ച്
ഞാനിപ്പോൾ ഒരു സംഗീതചികിത്സയ്ക്ക്
വിധേയനായിരിക്കുന്നു .
എന്റെ മനസ്സിന്റെ
ബോധതലങ്ങളെ,
ശാന്തസ്ഥായിയിലുള്ള
ഒരു രാഗത്താൽ ഉറക്കിക്കിടത്തി
ഭിഷഗ്വരൻമാർ,
ഉപബോധമനസ്സിനെ
ഒരു പരവതാനിപോലെ
വിരിച്ചിട്ടിരിക്കുന്നു.
ഗിറ്റാറിന്റെയും വയലിന്റെയും
തബലയുടെയും പുല്ലാങ്കുഴലിന്റെയും
ഈണങ്ങൾക്കനുസ്സരിച്ച്
ഏതൊക്കെയോ
കണ്ഠനാളത്തിൽനിന്ന്
ശുദ്ധസംഗീതത്തിന്റെ
മഴയുതിരുന്നു.,
കടലുയരുന്നു.,
കാറ്റുലയുന്നു.,
അവർ ഏതൊക്കെയോ
രാഗങ്ങൾ എന്റെ
ആഴങ്ങളിലേക്ക് ഒഴുക്കുന്നു.
ബിലഹരിയോ !
ഖരഹരപ്രിയയോ!
മേഘരഞ്ജിനിയോ !



അടിമയായിരിക്കുന്നു,
ശുദ്ധസംഗീതത്തിന്റെ അടിമ.,
മനുഷ്യൻ മരുന്നിന്
അടിമയാകുന്നതുപോലെ.
എന്റെ കണ്ണുകളിൽ
പ്രകാശം മുളയ്ക്കുന്നു.,
ഹൃദയം തുടുക്കുന്നു.,
നാവ് ചലിക്കുന്നു.,
കൈകാലുകൾ അനങ്ങുന്നു.,
സംഗീതത്തിന്റെ മരുന്ന്
എന്റെ സിരകളിൽ ,
പടർന്നുപന്തലിച്ചുതുടങ്ങിയിട്ടുണ്ട്.

ഞാൻ എഴുന്നേറ്റുനടക്കുന്നു.,
ആതുരതകളെ കുടഞ്ഞെറിഞ്ഞുകൊണ്ട്.



# കാത്തിരിക്കുന്നവർ

കാത്തിരിക്കുന്നവരാണ് ചുറ്റും.

ജീവിതമാകുന്ന വേലിക്കെട്ടുകൾക്കുള്ളിൽ
അനന്തവിഹായസ്സുകളിലേക്കുള്ള
സഞ്ചാരപഥങ്ങളെ തിരയുന്നവർ.

മഷിത്തണ്ടും അപ്പൂപ്പൻതാടിയും
മഞ്ചാടിക്കുരുവിനോടൊപ്പം
ബാല്യത്തെ കാത്തിരിക്കുന്നുണ്ട്.

വായിച്ചു തീരാത്ത പാഠപുസ്തകങ്ങൾ
അടിവരയിട്ടു പോയ തൂലികകളെ
അന്വേഷിക്കുന്നുണ്ട്.

വർണ്ണശബളമായ കലാലയങ്ങൾ
സൗഹൃദങ്ങളെ വാരിപ്പുണരാൻ
കാത്തിരിക്കുന്നുണ്ടിപ്പോഴും.

പറയാതെ പോയ പ്രണയങ്ങൾ
പ്രതീക്ഷ നിറഞ്ഞ പിൻവിളിക്കായി
കാതോർത്തിരിക്കുന്നുണ്ട്.

കരിഞ്ഞുണങ്ങിയ വേരുകളും
ഒരിറ്റു ദാഹജലത്തിനായ്
കാത്തിരിക്കുകയാണ്.

കാടും കരിമ്പാറക്കൂട്ടങ്ങളും
തിരിച്ചു വരാത്ത ഇന്നലെകളെ
പ്രതീക്ഷിച്ചിരിക്കുകയാണ്.

കാടിറങ്ങിയ ജന്തുജാലങ്ങൾ
പുതിയ ഇരകളെ തേടിയലയുന്നുണ്ട്.

വിഷാദാർദ്രമായ ആത്മാവുകളാകട്ടെ
മരണദേവന്റെ കൈപിടിക്കാൻ
മത്സരിക്കുകയാണ്



– നജാ ഹുസൈൻ
അഞ്ചൽ

# ബോബ് മർലിക്ക് സ്നേഹപൂർവ്വം

**(ചെമ്പൻ ചിന്തകളുടെ പുകയിലക്കാടിന്
തീപിടിച്ച സായാഹ്നം.
അവധൂതൻ പാടുകയാണ്.)**

വെളുത്ത മേഘത്തിന്റെ ചുരുളിൽ
പറന്നെത്തും
മരിജുവാന ഒരു വനദേവത.

സ്വപ്നങ്ങൾക്കവളാണ്
കണ്ണുകൾ
ശലഭത്തിൻ
ചിത്രങ്ങളെഴുതിയ ചിറകവൾ.

മഞ്ഞു താഴ്വാരങ്ങളിൽ
അതിഗൂഢമായ്
പാട്ടുമീണവും
തമ്മിൽ
കൊരുത്തു നീട്ടുന്നവൾ.

അഗ്നിയെന്നറിവിനെ പകർന്ന
പ്രോമത്യൂസിൻ സ്നേഹിത
മനുഷ്യന്
ലഹരി പകർന്നവൾ.

കൊടിയ ശാപത്തിനാൽ ഹൃദയം
മുറിഞ്ഞവൾ.
വിണ്ണിൽ
നിന്നാട്ടിയിറക്കപ്പെട്ടവൾ
മണ്ണിൽ
മായിക മോഹം
പൂക്കും ചെടിയായ് ജനിച്ചവൾ.

എരിയും മൃത്യുവില്ലവൾക്ക്
ശാപത്തിന്റെ
പല സംവത്സരങ്ങളെ
കണ്ണീരാൽ കടക്കണം.
ഒരു
ഹെർക്കുലീസും
അവൾക്കായി വരികില്ല.
അവളെ
തൊടുന്നവർ വെന്തെരിഞ്ഞില്ലാതാവും.

എങ്കിലും തളിർത്തവൾ
പൂത്തു പൂത്തവൾ
മഹാകാവ്യങ്ങൾ
മണക്കുന്ന കന്യാവനങ്ങൾക്കുള്ളിൽ.

(തെല്ലിടെ പാട്ടു നിർത്തി വീണ്ടും തുടരുന്നു)

മരിജുവാനാ എന്റെ വനദേവതേ
പാട്ടിൻ
നീല ഞരമ്പാണു നീ
ചങ്കിലെ
ചോപ്പാണു നീ.
നിന്നോട് ചേരട്ടെ ഞാൻ
നിൻ ശാപം പകുത്തെന്റെ
നെഞ്ചിലെ
മിടിപ്പോളം ശിരസിലേറ്റട്ടെ ഞാൻ ....





എം.കപിൽദേവ്.



ദീപ ദിനേശ്



# നിഴൽ പൂക്കൾ

നിഴലഴിഞ്ഞ് വീണ് നിലം പറ്റവെ
നിശയിലെഴുതിയ
പൂവിനും
നിലാവിനും ഒരേ ഗന്ധം
നിറമെല്ലാമലിഞ്ഞൊന്നായ
വെളുപ്പും

പുലരവെ
കാറ്റിൽ നൃത്തമാടിയുലഞ്ഞ
ചെടിയുടെ നിഴൽ
പൂമെത്തയിൽ
ആലസ്യത്തിലാണ്ട്
നിവരുന്നു.

നി'ഴൽ ചില്ലകളിലെ
ഉടൽ തുടിക്കുന്ന ഇലകളിൽ
നിന്ന് കൂടൊഴിയുന്ന
ഹൃദയച്ചിറകുകൾ

പിറവിയുടെ നോവ്
പോൽ
പിടഞ്ഞകന്ന് വിടരുന്ന
ദളപുടങ്ങൾ

പുഷ്പവൃന്ദങ്ങളുലയുന്ന
സൗന്ദര്യ മായിരുന്നു അന്ന്
കാറ്റിന്

നാളെ വിടരാനാവുമെന്ന
പ്രതീക്ഷയിൽ
ഒരേ കുലയിലെ
പൂവിനോട്
സുഗന്ധം കടം
കൊണ്ട പൂമൊട്ട്
തിരിച്ചു നൽകാനാവാത്ത
വിധം
അടർന്നപൂവിന്
മിഴിനീരിനാൽ
സുഗന്ധമിറ്റിക്കുന്നു.

നീയെന്നിലടരണമെന്ന്
ചാരത്ത് വിരിഞ്ഞ പൂവിന്റെ
കാതോരമോതിയൊരില
വീഴവെ
ഞാനിറുത്തു കൊരുത്ത
പൂക്കളുടെ നഖമുന
ആഴത്തിലെൻ വിരലിലാഴുന്നു

# കടൽ

സന്ധ്യാനേരം
കടൽക്കരയിൽ
മുന്നേ നടന്നവരുടെ
കാല്പാടുകൾ മണ്ണിൽമങ്ങി
കത്തുന്നുണ്ട്

ഇരുളിന്
കൈപിടിയ്ക്കുമ്പോൾ
കൂട്ടംതെറ്റിയൊരു
കടൽക്കാക്ക
നിർത്താതെ കരയുന്നുണ്ട്

നായ്ക്കൾ നാവുനുണഞ്ഞു
ഇരയെ തേടുന്നു
രാവിന്റെ അധികാരം
പങ്കുവെയ്ക്കുന്നു

ഗർഭപാത്രതിലേതോ
പെൺഭ്രൂണം വെടികൊള്ളുന്നത്
സ്വപ്നം കണ്ടുണ്ടെട്ടുന്നു

ഒരുതിര
കണ്ണീരാലെൻ
കാല് നനയ്ക്കുന്നുണ്ട്
ആണായതിൽ
ലജ്ജതോന്നുന്നു അതിലേറെ
ഒരു പെൺകുഞ്ഞിന്
അച്ഛനായയെന്റെ നെഞ്ചുനീറുന്നു



**ബൈജു റാഫേൽ**
**ആലുവ**

കവിത



# കളഞ്ഞുപോയ രുചിക്കൂട്ട്



ഐഷു ഹഷ്ന

ചുട്ട മുളകരച്ച ചമ്മന്തിയിൽ
കണ്ണീരുപ്പു ചാലിച്ച്
വാട്ടിയ വാഴയിലയിൽ
ഉച്ചയൂണ് തന്നിട്ടുണ്ടാകും,
അമ്മ......

ഒരു വറ്റ് കളയാതെ കഴിച്ചാലും
പിന്നെയും വിശക്കുന്ന വയറിന്
സ്കൂൾകിണറ്റിലെ വെള്ളം കൊടുത്ത്
ആശ്വസിപ്പിച്ചു തൊണ്ടിക്കളിക്കാൻ
ഒരോട്ടമാണ്......

ഇന്നിപ്പോ അമ്മ കെട്ടുന്ന പൊതിച്ചോറിൽ
അത്ര രുചിയൊന്നുമില്ലെന്ന പരാതിയോടും
അമ്മയുടെ മുഖത്തൊരു ചിരി പൂക്കും
രുചിക്കൂട്ട് കളഞ്ഞുപോയ കള്ളച്ചിരി!

കവിത

# ചരിത്രങ്ങൾ പറയുന്നത്





ഡോ. അജയ് നാരായണൻ

ചരിത്രം വഴിമാറുമ്പോൾ
നോക്കുകുത്തികൾ അലറും
പ്രതിമകൾ ഉടയും
അതു മണ്ണിൽ കുതിരും
മുഖങ്ങൾ ചിതറിവീഴും.

അങ്ങനെയാണത്രേ
ചരിത്രം പുന:സൃഷ്ടിക്കപ്പെടുന്നതും
പുരാണങ്ങൾ പുനർവചിക്കപ്പെടുന്നതും
സൂചിമുനകളിൽ വിപ്ലവം മുളപൊട്ടുന്നതും!

അന്നേരം ചെപ്പേടുകൾ
കടലിൽ നിറയും
കടൽ വഴിമാറും
കരകാണാക്കടൽ വറ്റും അവിടെ ചില പാറ
കൾ തെളിയും
അക്ഷരങ്ങൾ വിരിയും
കാലം പുതിയ ചരിത്രം
വരച്ചതാണ്!

കാലക്രമേണ
പാറയിൽ
കാണുമക്ഷരങ്ങൾക്കും
പരിണാമം സംഭവിക്കും
ബുദ്ധന്റെ മുഖംമാറും
പുതിയമുഖങ്ങളുടെ നാഥന്മാർ
ഛായാചിത്രങ്ങൾക്കായൊരുങ്ങും
ചരിത്രം പുനർരചിക്കപ്പെടും!

ഏടുകളിൽ ആധുനിക ലിപികൾ
സ്വർണത്തിൽ മിനുക്കിയൊതുക്കും
ചരിത്രം ചിരിക്കും
കരയും
കാർക്കിച്ചു തുപ്പും...

ഗവേഷകർ കഥകൾ
മെനയും,
ഇവിടെ ഒരു ക്രിസ്തു വിപ്ലവം നയി
ച്ചിരുന്നു
അവിടെയൊരു രാമൻ
മുങ്ങിമരിച്ചിരുന്നു.

വാസ്കോ ഡ ഗാമ
കാപ്പാട് വന്നത്
അയാളുടെ നഷ്ടപ്പെട്ട
വീണ തേടിയാണ്
അതിൽ മൂളിയ നീലാംബരി തിരഞ്ഞാ
ണ്...

ഭഗത് സിംഗ് തൂങ്ങിമരിച്ചതോ? ജാ
ലിയാൻവാലാബാഗിലെ
കിണറ്റിലല്ല
ഏതോ ഒരു വേശ്യാഗൃഹത്തിലാണ്.

അപ്പോൾ
ഗാന്ധിയുടെ കഥയോ...

ആരാണ് ഗാന്ധി?
ചരിത്രത്തിൽ
അങ്ങനെ ഒരാളില്ല
ഇനി കഥയിലെങ്ങാനും
ഉണ്ടോ എന്ന് തിരയാം.

ചരിത്രം മാറ്റുന്നത്
വഴികളെയല്ല
വഴികൾ മാറ്റുന്നത്
ചരിത്രത്തെയുമല്ല
ചരിത്രവും വഴികളും
നാളുകളായി
തമ്മിൽ കണ്ടാലറിയില്ല.

അതുകൊണ്ടാവാം
വഴികൾ അടഞ്ഞതും
വരികൾ ദ്രവിച്ചതും
ചരിത്രം മരിച്ചതുമായി
മനുഷ്യൻ രേഖപ്പെടുത്തുന്നത്!



# പുനർജ്ജനി



അനീഷ് തലോറ


കാത്തിരുന്നു
തോറ്റുപോയൊരുവളുടെ
കണ്ണീർകണമേറ്റാണത്രേ
മുന്നിലെ
മരുഭൂമിയത്രയും
കടലായ്ത്തീർന്നത്.

വീട്ടാകടങ്ങളുടെ
നോട്ടുബുക്കിലെ
ശീട്ടുകീറിയാണവൻ
അവിടെയൊഴുക്കാനൊരു,
കെട്ടുവള്ളംമെനഞ്ഞത്.

തിരയിളക്കത്തിന്റെ
അലയിലോരോന്നും
മൂർച്ചയുള്ള
ചോദ്യങ്ങളായപ്പോൾ
മുറിവൊഴുക്കിയ
കറുത്ത
നിണമായിരുന്നു
അതിനുത്തരം.

നിലച്ചുപോയ
ഹൃദയത്തിന്റെ
നീലിച്ച
ഞരമ്പിൽകെട്ടിയിട്ട
പാമരത്തിൽ
നോവിൻ
ഉപ്പുകാറ്റേറ്റി,
കത്തുംകടൽ
കടക്കണം.

തുഴ
കൈയിലില്ലാത്തവന്
അറിയില്ലല്ലോ
ജീവന്റെ
മറു
കരയിലേക്കിനിയെത്ര
ദൂരമെന്നതും.



# ഗന്ധർവൻ കയറിയ പെണ്ണ്

നിങ്ങൾ അവളെ കണ്ടിട്ടുണ്ടോ?,
ഗന്ധർവൻ കയറിയ പെണ്ണിനെ.
ഇല്ലെ?...
വീടിന്റെ അകത്തളത്തിലെവിടെയോ കാണും,
ഇല്ലെങ്കിൽ,
പറമ്പിന്റെ എതൊ കോണിൽ,
അലക്കു കല്ലിന്റെയരികിൽ,
കൊഴിക്കൂടിനു മുന്നിൽ,എരുത്തിലിൽ,
എരിഞ്ഞുതീരുന്ന അടുപ്പിനു മുന്നിൽ,
അതുമല്ലെങ്കിൽ,
നിന്റെ കിടക്കയുടെ ഒരരികിൽ.
തുറിച്ചു നൊക്കണ്ട,
അതെ, അവൾ തന്നെയാണ്.
കാലചക്രത്തിന്റെ പ്രയാണ വീഥിയിൽ,
മറവിയുടെ മറാല കൊണ്ടു നീ മൂടിയവൾ.

തോരൻ കരിഞ്ഞതും,
തൊടിയിലെ ചെമ്പകം മൊട്ടിട്ടതും
നിനക്കു വാർത്തയല്ലാതായ കാലത്തൊ,
മൂളലുകളിൽ വാക്കുകൾ,
യമപുരി പുൽകിയപ്പൊൾ,
തികട്ടി വന്ന ഗദ്ഗദം,
പാതിയിൽ നിറുത്തിയ വേളയിലൊ;
വിൽപ്പനയ്ക്കു വച്ച,നായ നക്കിയ
മാംസപിണ്ഡങ്ങൾക്കു മുന്നിൽ
നിനക്കായി മാത്രം വിരിഞ്ഞ വസന്തം
തല്ലികൊഴിച്ചു തോറ്റു നിന്ന നിമിഷങ്ങളിലൊ;
ഉറക്കം നടിക്കുന്ന നിന്റെയരികിൽ,
ഉറങ്ങാതെ ,
നിർന്നിമേഷയായിരുന്നയേതൊ രാവിൽ,
അവൻ അവളിലേക്കെത്തി.
അവളുടെ ഗന്ധർവൻ.

കണ്ണ് തള്ളണ്ട....

അവളുടെ പനിനീർചെമ്പകം
പിന്നെയും പൂവിട്ടതും,



ദീപ്തി കൈരളി

വാടിതുടങ്ങിയ ജ്യോത്സന
തളിർത്തതും,മൊട്ടിട്ടതും
ഒന്നും നീയറിഞ്ഞില്ലല്ലോ,അല്ലെ?
അല്ലെങ്കിലും അതങ്ങനെയല്ലെ?....

നീ കണ്ടുവൊയെന്നറിയില്ല,
പറമ്പിലെ പൂമ്പാറ്റകളെയും നോക്കി,
അലസമയി തുണിയലക്കുന്നവളെ,
എടുത്ത് വച്ച പാത്രം കഴുകാതെ,
ഇറ്റു വീഴുന്ന വെള്ളത്തുള്ളികളെ നൊക്കി നിൽക്കുന്നവളെ,
കരിപാത്രത്തിൽ വെറുതെ,
ഇളക്കി നിൽക്കുന്നവളെ,
മുറിഞ്ഞ കൈവിരലിൽ മുറുക്കിപ്പിടിച്ച്,
ദൂരേക്ക് നൊക്കിനിൽക്കുന്നവളെ.
നീ ശ്രദ്ധിച്ച് കാണില്ല,
അവളിപ്പോൾ പരിഭവങ്ങൾ പറയാറില്ലല്ലൊ?,
കെഞ്ചാറുമില്ലല്ലൊ?,
കണ്ണുകൾ നനയാറുമില്ലല്ലൊ?
പിന്നെ;
അവളുടെ നിശബ്ദതകളും...

കറിക്കത്തി കൊണ്ട മുറിവിൽ
മരുന്നു പുരട്ടി,
സ്നേഹത്തോടെയവൻ ശാസിച്ചപ്പോൾ,
ഉതിർന്നു വീണ കണ്ണീർ തുടച്ചു,
നെറുകയിലവൻ നൽകിയ മുത്തത്തിൽ
മതിമറന്നിരുന്ന നേരം
കരിഞ്ഞുപൊയ കറിയെ, ചൊല്ലി
പഴികേട്ടിട്ടും;
ചിരിച്ചുനിന്ന അവളെ നിനക്കോർമയുണ്ടൊ?

നിന്റെ കുമുദങ്ങൽ വിരിഞ്ഞു കായായ്,
മരമായ് മാറിയപ്പോൾ,
ഒളിമങ്ങിയ അവളിലെ കുറവുകൾ,
അപമാനമായ നിന്റെ സത്കാരവിരുന്നുകളിൽ;
വർണ്ണശബളമായ പൂമ്പാറ്റപോൽ,
അവന്റെ തോൾ ചേർന്നു പാറിനടക്കുന്ന,
അവളെ,നീയവിടെ കണ്ടുവൊ?
ആ സ്നേഹം,അഭിമാനമായി,
ആയിരം മിഴികളിലും പ്രതിഫലിക്കുമ്പോൾ,
ഒരായിരം സൂര്യന്മാർ ,
അവളുടെ കണ്ണുകളിൽ വിരിഞ്ഞതും,
അതിന്റെ പ്രഭയൊന്നാകെ
നിന്റെ വീടിനുള്ളിലലയടിച്ചതും,
ആ പ്രഭയിൽ,നിന്റെ പരമ്പര
പടർന്നു പന്തലിച്ചതും,
നിന്റെ കൊടിക്കൂറ മിന്നിതിളങ്ങിയതും
നീ അറിഞ്ഞുകാണില്ലല്ലൊ?.....
എത്രയെത്ര സന്ദർഭങ്ങൾ....
എന്തിനേറെ,
നീ കുടിച്ച ഒരോ കട്ടൻ ക്കാപ്പി പോലും
അവനു വേണ്ടി ഉണ്ടാക്കിയതായിരുന്നു....

ഒന്നുമാത്രം പറയാം,
അവനു നിന്റെ മുഖമായിരുന്നു,
മണവും.......
പക്ഷെ;
അവൻ നീയായിരുന്നില്ല......
എന്തെന്നാൽ....
പിന്നീടവനു പ്രസക്തിയില്ലല്ലൊ.......

# ഋതുഭേദങ്ങളിൽ ...



കൃഷ്ണകുമാർ മാപ്രാണം

ഒരു 'ശിശിര'ത്തിലാണ്
ആദ്യമായ് കണ്ടത്
അന്നു മുഖം തിരിച്ച്
മിണ്ടാതെപോയ നീ
എന്തിനാണ്
'വസന്ത'ത്തിൽ എന്നിൽ
കുടമുല്ലപൂക്കൾ കുടഞ്ഞിട്ടത് ?

'ഗ്രീഷ്മ'ത്തിൽ
അന്തിവെയിലണഞ്ഞതും
കരിമിഴിയുടെ
മുനകൊണ്ടെറിഞ്ഞു വീഴ്ത്തി
നീയെന്നെ

നിലാവു നിഴൽ വീഴ്ത്തും
വഴിയിൽ വച്ചാണ്
'വർഷ'ത്തിൽ
നീയെൻറെ
ഹൃദയം സ്വന്തമാക്കിയത്

'ശരത്തി'ൽ
നിൻറെ വിടർന്ന കണ്ണിണകളിൽ
ശോകഭാവം നിഴലിക്കെ
നീയെന്നോടു മന്ത്രിക്കുന്നു
'ഇനിയില്ല അത്ര ദൂരം'

ആർദ്രമാം 'ഹേമന്ത'ത്തിൽ
അടർന്നു വീഴും
കണ്ണീർക്കണം തുടയ്ക്കാതെ
നീ മൊഴിയുന്നു
'പിരിയുവാൻ നേരമായല്ലോ






# മാഷേ മാഷേ...



യഹിയാ മുഹമ്മദ്

അശോകൻ മാഷുടെ
കണക്കുകൾ
കണക്കുകൂട്ടലുകൾ
ക്കുമപ്പുറമാണ്

ശൈലജ ടീച്ചറുടെ
ഇംഗ്ലീഷിൽ -
ഇ, അ, ഠകേറ്റാവുന്നതും
അതു പിന്നെ
പൂച്ചയായി പരിണമിക്കുന്നതും
എന്നെ രസിപ്പിക്കാറുണ്ട്

നോട്ട് ബുക്കുകളിലെ
നേർരേഖയിൽ
ഞാൻ കാണാറുള്ളത്
കളഞ്ഞുകിട്ടിയ
മഞ്ചാടിക്കുരുവും
കൊത്തം കല്ലിൽ തോറ്റ
കൂട്ടുകാരിയുടെ
പരിഭവവുമാണ്

***

കണക്ക്, ഇംഗ്ലീഷ്, മലയാളം
ഹോം വർക്കുകളുടെ
പെരുക്കപ്പട്ടിക
കണക്കുകൂട്ടലുകൾക്ക്
അപ്പുറമാവുന്ന കണക്ക്
പഠിക്കുമ്പോൾ
മറ്റൊന്നായി
പരിണമിക്കുന്ന ഇംഗ്ലീഷ്

അശോകൻ മാഷുടെ
ചൂരൽ
ശൈലജ ടീച്ചറുടെ കണ്ണടക്കുള്ളിലെ ചക്ക
ക്കണ്ണുകൾ
ഒരു വെയിൽ
നാളമായ്
എന്നെ ഊറ്റിയെടുക്കാൻ
തുടങ്ങിയിട്ടുണ്ട്
നാളെ..........!

ലോക്ഡൗണാണ്
ദൈവത്തിന്റെ ഒരുശിക്ഷ തന്നെ

കുട്ട്യോള കിള്ളുന്ന മാഷൻമാരേയും ടീച്ചർ
മാരേയും
ദൈവമിപ്പോൾ കൂട്ടിലടച്ചു
ഒരു സുതാര്യമായ
സ്ഫടിക പെട്ടിക്കകത്തു കിടന്നാണ്
അവരുടെ കസർത്ത്

മാഷൻമാരിപ്പോൾ
കുരയ്ക്കുകയല്ലേ ഉള്ളൂ
കടിക്കില്ലല്ലോ

മാഷേ മാഷേ നുള്ളിക്കോ
ഹോംവർക്കൊന്നും ചെയ്തില്ല
മാഷേ മാഷേ തല്ലിക്കോ
കേട്ടെഴുത്തൊന്നു എഴുതീല്ല
മാഷേ മാഷേ.......
മാഷേ മാഷേ.......
മാഷേ മാഷേ......

കവിത

# പറയാതെ പോയ ഉത്തരങ്ങൾ





സജില വികാസ്

വൈകിയെത്തിയ കുറ്റത്തിന്റെ വിചാരണയ്ക്കായി
ശിരസ്സ് കുനിച്ച് അവൾ കാത്തിരുന്നു..
എന്തോക്കെയോ പറയാനുണ്ടായിരുന്നു അവൾക്ക്,
പിണങ്ങിപ്പോയതിന്റെ,
വൈകിയതിന്റെ
കാരണങ്ങൾ...
ആരും ഒന്നും ചോദിച്ചില്ല, പ്രതീക്ഷിച്ച
ചോദ്യങ്ങൾ എങ്ങു നിന്നും വന്നില്ല ..
ഉത്തരങ്ങൾ അവളുടെ തൊണ്ടയിൽ കുടുങ്ങി,
വല്ലാതെ ശ്വാസം മുട്ടി...

അവൾ കുറ്റാരോപിതയാണ്, മറ്റനേകരെ
പോലെ ഒരുവിചാരണ തടവുകാരി.

സമയം തെറ്റിപ്പൂത്ത ഒരു നാലുമണിച്ചെടി,
കാലം തെറ്റി പൂവിട്ട കണിക്കൊന്ന...
കൊല്ലാൻ കഴുത്തിൽ കത്തി വച്ചപ്പോൾ രാത്രി
ആണെന്നറിയാതെ കൂവിപ്പോയ പൂവൻ കോഴി..
ഇങ്ങനെ കുറെ കൊടിയ കുറ്റവാളികൾ,

നീണ്ടുപോകുന്ന വിചാരണയുടെ ഇരകൾ.

ഇരുളിമ പടർന്ന മുഖവുമായാണ് അവൾ
പ്രതിക്കൂട്ടിൽ നിന്നത്.. സമയനിഷ്ഠ ഇല്ലാത്തവൾ...
സൂചികൾ മരിച്ച ഏതോ ഘടികാരത്തെ പിൻതുടരുന്നവൾ..
കാലബോധമില്ലാത്തവൾ.
കുറ്റങ്ങളൊരുപാട് അവൾക്കു മേൽ ചൊരിയപ്പെട്ടു ..

എങ്കിലും ആരും ചോദിക്കാതെ പോയ
ചോദ്യങ്ങളുടെ ഉത്തരങ്ങൾ
തൊണ്ടയിൽ കുടുങ്ങിശ്വാസം മുട്ടി ..

നീതി നശിച്ചിട്ടില്ലാത്ത നീതിപീഠം
ഒടുവിൽ അവളെ സ്വാതന്ത്ര്യയാക്കി...
കുനിഞ്ഞ ശിരസ്സുമായി
അവൾ പുറത്തേക്കിറങ്ങി..
കുറ്റപ്പെടുത്താൻ കുറെ
ആളുകൾ കാത്തിരുന്നു...
അടർന്നു വീണ കണ്ണുനീർ തുടച്ചു കൊണ്ട്
അവൾ പുറത്തേക്കു നടന്നു.
ദൂരെ നിന്നും ഒരു ശബ്ദം കേൾക്കുന്നു.
കുറേയാളുകൾ, അവർ സംസാരിക്കുന്നത്
അവൾക്ക് വേണ്ടിയാണ്.
അവളുടെ മുഖത്ത് പ്രതീക്ഷയുടെ വെളിച്ചം മിന്നി.
കുറച്ചു പേരെ ഉള്ളുവെങ്കിലും
ശക്തമായ സ്വരം.
അവൾ അങ്ങോട്ടേക്ക് നടന്നു.
പെട്ടെന്ന് ആ ശബ്ദം നേർത്തു വന്നു.
കട്ടിയുള്ള ഒരു പുതപ്പ് കൊണ്ട് ആരോ
അവരെ മൂടിയിരിക്കുന്നു. അതിനുള്ളിൽ നിന്നും
അവരുടെ നേർത്ത ശബ്ദം കേൾക്കാം.
അവസാന പ്രതീക്ഷയും നഷ്ടപ്പെട്ട അവൾ തിരിഞ്ഞു നടന്നു.
ആർക്കും വേണ്ടെങ്കിൽ പിന്നെ
എന്തിനാണ് വീണ്ടും വന്നത്. കേൾക്കാൻ
കൊതിച്ച സ്വരം, അമ്മ, അവൾ
ഓടിച്ചെന്ന് അമ്മയെ കെട്ടിപ്പിടിച്ചു.
പിണങ്ങിപ്പോയാലും വരാതിരിക്കാൻ
കഴിയുന്നില്ല, അത്ര മേൽ സ്നേഹിച്ചു പോയി.
അവളുടെ വാക്കുകൾ ഇടറിയിരുന്നു.
അമ്മയെ കെട്ടിപ്പിടിച്ചവൾ പൊട്ടിക്കരഞ്ഞു,
അടക്കിവച്ച സങ്കടങ്ങൾ
അണപൊട്ടിയൊഴുകി,
ഭ്രാന്തിയെപ്പോലെയവൾ
തല തല്ലിക്കരഞ്ഞു.
അവൾ ..



# ഞാൻ ഏകലവ്യൻ



പ്രസാദ് കുറ്റിക്കോട്

ഞാൻ ഏകലവ്യൻ, വരേണ്യമാം വിദ്യ
വിലക്കുവാൻ വിധിയേറ്റ ഭാരതീയൻ!

ചുരമാന്തി നോക്കുന്നു,
ഞാനെന്റെ ഓർമ്മതൻ തീരത്തു
കത്തുന്നപകലിൽ തനിച്ചു നിൽക്കേ...

അകലെയകലെ കുതിരക്കുളമ്പടി
വേട്ടനായ്ക്കൾതൻ കിതപ്പ്
എന്റെ ഞാൺ മാറ്റൊലികൊണ്ടതും
ശരം തറച്ചൂ, അർജ്ജുനാഹന്തയിൽ
ഗുരുവിന്റെ കണ്ണിലൂറുന്നു ദൈന്യം
അറിവറ്റിടത്തൊരു പടുമുളപൊട്ടി
ജാത്യാന്ധകാര വന്മരമുയർന്നു
മരത്തിന്റെ ചില്ലയിൽ വർണ്ണം നിറഞ്ഞൂ
നാരയവേരൊരു ചൂണ്ടുവിരലായുയർന്നു
കീഴാളനെന്തിന്നു ധനുർവിദ്യ...?
എന്നേ
കറുത്തൂ നീതിശാസ്ത്രം
ആരെയും കൊന്നധികാരത്തിലമരാനല്ല
കബന്ധങ്ങളാലൊരു ചരിതമെഴുതാനല്ല
രാജ്യംപിടിക്കാനല്ല, നരനായാട്ടില്ല
പെണ്ണിന്റെ ഉടയാടയഴിക്കാനല്ല
അമ്മയുടെയുദരത്തിലെരിയുന്ന
വിശപ്പിന്റെയഗ്നിനാളം കെടുത്തുവാൻ മാത്രം
എന്റെ പെങ്ങളുടെ നഗ്നതയൊരു
മൃഗത്തോലുരിയാൽ മറയ്ക്കുവാൻ മാത്രം
എന്റെ കുലത്തിനൊരാശ്രയമാകുവാൻ മാത്രം
പഠിച്ചെന്ന തെറ്റിനു നീ ചോദിച്ചതെൻ
പെരുവിൽ
ഞാൻ തന്നതെന്റെ ശിക്ഷണത്തിന്റെ പാഠപുസ്തകം
കൈഞരമ്പറ്റൊഴുകുന്ന ചോരയിൽ കണ്ടു ഞാനാ-
ഭിജാത്യത്തിന്റെ കൊലക്കയർ
പിടയുന്ന വിരൽത്തുമ്പിലോ
നീറുന്ന ജനതയുടെ ഹൃദയതാളം...
നിന്ദിച്ചതല്ലെൻ ഗുരോ, നിന്നെ
വന്ദിച്ചതോ എന്റെ തെറ്റ്?

പറയുകെൻ ഗുരോ, എന്റെ
തെറ്റെന്തു ഞാൻ പിറന്ന കുലമോ?

ഇന്നും പിറക്കുന്നു പല
ഏകലവ്യ പ്രതീകങ്ങളൊറ്റയ്ക്ക-
ടരാടി പോർക്കളത്തിൽ
പെരുവിരലറ്റു പോകുന്നു...

ഞാൻ ഏകലവ്യൻ, വരേണ്യമാം വിദ്യ
വിലക്കുവാൻ വിധിയേറ്റ ഭാരതീയൻ !

# മുത്തച്ഛന്റെ മുറി


കവിത



സിംന വാരിയത്ത്

കട്ടിൽ
ഒഴിഞ്ഞിരിക്കുന്നു.
കുഴമ്പുമണക്കുന്ന
മുറിയിൽ
ഓർമകളോട്
ഒളിച്ചുകളിക്കാൻ
മുത്തച്ഛൻ
വരില്ലിനി.

ചാരിവച്ച
ഊന്നുവടി
ആരെയും
മടുപ്പിക്കാതെ
മൂലയിലിരിക്കും.
പത്രം
വായിക്കാൻ
മുഖം തിരഞ്ഞ
കണ്ണട
ജനാലപ്പടിയിൽ
ആരെയോ
മറന്നിരിക്കുന്നുണ്ട്.





മുറിയിൽ
എല്ലായിടത്തും
ചുറ്റിത്തിരിയുന്ന
മുഷിപ്പ്.
വെള്ളത്തോർത്തിൽ
തെളിഞ്ഞും
മാഞ്ഞും
കരിമ്പൻ പിടിച്ച
പായാരങ്ങൾ.
പല്ലുകൾ പോയ
ചീപ്പ്
കഷണ്ടിയുടെ
കണ്ണാടിയോർമ്മയിൽ
വിറുങ്ങലിക്കും.

പതിവുകാർ
കിളികളും
അണ്ണാനും
മുറ്റത്തെ ചോറ്റുരുള
നീളെത്തിരയും.
ഇല്ല,
മരുന്നുപൊതിയും
കൊണ്ട്
വെള്ളത്തിന്
ഇനിയാരും
നീട്ടിവിളിക്കില്ല.

ഓഹരിയായി
ആരും
ചോദിക്കാത്ത,
മറവിയിലും
മായാത്ത,
കറുപ്പും വെളുപ്പും
മാത്രമുള്ള
തലയണക്കടിയിലെ
ചിത്രം മാത്രം
ചിതയേറിയ
ഹൃദയം
തണുപ്പിച്ചിരിക്കണം.

# ഒരു വഴി ആലോചിച്ചപ്പോൾ

കവിത


ഒരുറുമ്പിനെ കാണാൻ
ഒരു വഴി ആലോചിച്ചപ്പോഴാണ്
പഞ്ചാരയിട്ട
കുപ്പിയുടെ അടപ്പ് തുറന്നിട്ടത്

പൂച്ചയെ കാണാൻ,
ഫ്രിഡ്ജിലെടുത്തു വെച്ച
മീൻ പുറത്തേക്കിട്ടു

കുറുക്കനെ കാണാൻ,
നക്ഷത്രങ്ങൾ
സൗന്ദര്യം പ്രദർശിപ്പിക്കുന്നേരം,
കോഴിക്കൂട് തുറന്നിട്ടു

ഈച്ചയെ കാണാൻ,
പഴുത്ത ചക്കയെ
രണ്ടായി വിഭജിച്ചു.

ഒടുവിൽ ,
ഒരു മനുഷ്യനെ കാണാനെത്ര
ആലോചിച്ചിട്ടും
ചിന്തയിലൊന്നും വന്നില്ല





ഷാഫി വേളം

# ഒരു ചിറകിന്റെ കഥ

കവിത

അകലെനിന്നാകാശദൂരം കടന്നൊരാ
ചിറകെന്നെ തേടി തിരഞ്ഞു വന്നു
ഒരു പകലാർത്തു വിളിച്ചൊരാനേരത്തോ
മെല്ലെയെൻ കൈയ്യിൽ പറന്നിറങ്ങി.
ദുഃഖത്തിൻ പട്ടിഴനെയ്തൊരാ ചിറകിന്റെ
മേനിയിൽ ഞാനൊരു മുത്തമായി.
മെല്ലവേ, പൈതലേ പോലെന്റെ കൈകുമ്പിൾ
ഹൃദയതുടിപ്പിനാൽ ചൂടു നൽകി.
നരമൃഗബാണത്തിൻ മൂർച്ചതന്നിരയായി
വേർപെട്ട ചിറകു ചെഞ്ചോലയായി.
നിണമേറ്റുവാങ്ങിയെൻ കൈകളോ വിറപൂണ്ടു
നേത്രമോ ദുഃഖത്തിനലയാഴിയായ്!
ഒരു വേളയോർത്തു ഞാൻ ജീവൻതുടിക്കുമാ
മറുപാതിയുടലിന്റെ ജീവചിത്രം.
പുരികങ്ങളുയരുന്നു, ഒരു ദൃഷ്ടിമറയുന്നു,
മൃഗബാണമുയരുന്നു, ഒരു ജീവനായ്!
ശരമേറ്റു ചിറകറ്റ ജീവശവത്തിനെയെതി-
രേറ്റു വേടനോ യാത്രയായി!
നിണംവാർന്നൊഴുകുന്ന ഉടലുമായുഴറുന്ന
ജീവനായ് കേഴുന്ന മറുപാതിയും.
പിടയുന്ന ചിറകിലോ മുറുകെപിടിക്കുന്ന
നരമൃഗവദനമോ സൂര്യമുഖം.
ആനന്ദമലയാഴി തീർക്കുന്ന മിഴിയിലോ
പതിയിരിക്കുന്നൊരാ കാകദൃഷ്ടി.
ഹാ! കഷ്ടമോർമ്മ ചിറകുകുടഞ്ഞു ഞാൻ
ദൃഷ്ടിപായിച്ചുവെൻ കൈക്കുമ്പിളിൽ!
നിണത്താൽ നനഞ്ഞൊരെൻ കൈയ്യുമായ്,
ചേതനയറ്റൊരാ ഒറ്റ ചിറകുമായ്,
വേദനപൂണ്ട കുനിഞ്ഞശിരസ്സുമായ്,
ഒരു തുള്ളി കണ്ണുനീരേകി ഞാനാ-
ചിറകിനുമേൽ തൈമാവുനട്ടു!
ചിറകിനുമേൽ തൈമാവുനട്ടു!...



ശിവഗംഗ

# സ്പന്ദനം

പ്രേംകൃഷ്ണൻ



ചില
കറന്റില്ലായ്മകളുടെ
നിശബ്ദ രാത്രികൾക്കുള്ളിൽ
മുഴുകി നിൽക്കുന്ന
വീടുകളെ
വർഷങ്ങളുടെ എണ്ണമോ
പ്രായ പഴക്കമോയില്ലാത്ത
നിലാവോ
അമാവാസിയോ
മഴയോ
ആരുമറിയാതെ
വന്ന് സമ്പർക്കപ്പെട്ട് പോകുന്നത്
കാറ്റുകളിലെ
യക്ഷി ഗന്ധർവ്വൻമ്മാർ
പൂക്കളിലെ ഉമ്മകളിൽ
ഉലഞ്ഞ് മൊഴിയാറുണ്ട്!

വീടുകൾ
കാലങ്ങളുടെ
സ്വര സ്വനങ്ങളെ
ഭിത്തിയിലമരുന്ന
പല്ലികളിലൂടെയോ
എട്ട് കാലുകളിലൂടെയോ
അനുഭവിച്ച് സ്പന്ദിക്കുന്നത്
ചുവരുകളിലെ
ദൈവ ചിത്ര യുഗങ്ങളുമറിയുന്നുണ്ടാകാം

ഏതോ
ഒരു മനോഞ്ജ കാലം
പാരിജാത പുഷ്പഗന്ധത്തോടെ
ആ അരൂപികളെ
 തൊട്ടു പോയതിനാലാകാം
മുറ്റത്തിരുട്ടിൽ
മന്ദാരങ്ങൾക്കിടയിൽ
കാറ്റുകൾക്ക്
ഉള്ളനക്കങ്ങളും
സീൽക്കാരങ്ങളും
കൂടി വന്നത്

ചില
നിശ്ചല രാത്രികളിൽ
സമയ കാലങ്ങളുടെ
നിശബ്ദ സഞ്ചാരങ്ങളാൽ
വീടുകളും
മരങ്ങളും
ചെടികളും
മുറ്റങ്ങളുമെല്ലാം
ജീവസന്ധികളാൽ
ഒരുമിച്ചാടിപ്പാടുകയും
പരസ്പരം
നോക്കിയിരിക്കാറുമുണ്ടത്രേ ..